സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി
Suviseshadhwani

2023 ഫെബ്രുവരി 04

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2022-24 • VOL. 41. • ISSUE 36 • പുസ്തകം 41 • ലക്കം 36 • പേജ് 6

## ദൈവസൃഷ്ടിയായ മനുഷ്യനും മനുഷ്യസൃഷ്ടിയായ മതവും

ജോർജ് പീറ്റർ, ചിറ്റൂർ

ദേഹം, ദേഹി, ആത്മാവോടു കൂടിയ ദൈവസൃഷ്ടിയുടെ മകുടം! ഒരു പിതാവിന്റെയും മാതാവിന്റെയും മക്കൾ!

ദൈവം മനുഷ്യരെ ആണും പെണ്ണുമായിട്ടാണ് സൃഷ്ടിച്ചത് (ഉല്പ. 1:27,28). "ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ ദൈവം ഒരുത്തനിൽ നിന്ന് മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി" (അപ്പൊസ്തല പ്രവൃത്തികൾ 17:26-28). "ഒരച്ഛനമ്മയ്ക്ക് പിറന്ന മക്കൾ ഓർത്താൽ ഒരൊറ്റ തറവാട്ടുകാർ നാം" എന്നാണല്ലോ കവിവാക്യം.

**മനുഷ്യനെ സന്മാർഗ്ഗജീവിതത്തിലേക്ക് നടത്തുവാൻ നല്ല മനസ്സോടെ അനേകർ ശ്രമിച്ചുവരുന്നു. "തുഴഞ്ഞിട്ടും തുഴഞ്ഞിട്ടും വഞ്ചി തിരുനക്കരെ തന്നെ" എന്ന പഴമൊഴിപോലെ എത്ര ശ്രമിച്ചിട്ടും നല്ല മനുഷ്യരാകുവാൻ കഴിയുന്നില്ല.**

മനുഷ്യൻ ഒരു ജൈവരാസപിണ്ഡമല്ല, ചിന്തിക്കുവാനും ആലോചിക്കുവാനും പ്രവർത്തിക്കുവാനും സംസാരിക്കുവാനും ചിരിക്കുവാനും സ്നേഹിക്കുവാനും സന്തോഷിക്കുവാനും ദുഃഖിക്കുവാനുമുള്ള അത്ഭുതസിദ്ധിയോടുകൂടിയവനാണ്. അഖിലാണ്ഡമെല്ലാം മനുഷ്യനു വേണ്ടിയാണ് ദൈവം സൃഷ്ടിച്ചത്. മനുഷ്യനെയോ, ദൈവത്തിനുവേണ്ടിയും. മനുഷ്യന്റെ ആത്മാവ് നിത്യമാണ് (യോഹന്നാൻ 11:25; ലൂക്കൊസ് 16:25). മനുഷ്യന്റെ ഓരോ അവയവങ്ങൾക്കും ദൈവം കൊടുത്തിരിക്കുന്ന കഴിവുകളപാരം തന്നെ! കോടിയിലേറെ വിവരങ്ങൾ ശേഖരിച്ചുവയ്ക്കുവാൻ കഴിയുന്ന ലോകത്തിലെ ഏറ്റവും വലിയ സൂപ്പർ കമ്പ്യൂട്ടറാണ് മനുഷ്യമസ്തിഷ്കം. അനേകലക്ഷം കോശങ്ങളിലേക്ക് നിർത്താതെ രക്തം പമ്പുചെയ്ത് എത്തിച്ചു കൊടുക്കുന്ന യന്ത്രമാണ് മനുഷ്യന്റെ കൊച്ചു ഹൃദയം. ലോകം കണ്ടതിൽ വച്ച് ഏറ്റവും വലിയ ശുദ്ധീകരണ അവയവമാണ് മനുഷ്യന്റെ കിഡ്നികൾ. കോടിയിലേറെ കിലോമീറ്ററുകൾക്ക് അപ്പുറത്തു നില്ക്കുന്ന നക്ഷത്രക്കൂട്ടങ്ങളെ കാണുവാൻ കഴിവുള്ളതാണ് മനുഷ്യന്റെ നേത്രങ്ങൾ. "മനുഷ്യൻ നിരൂപിക്കുന്നത് ഒന്നും അവന് അസാദ്ധ്യമാകയില്ല" (ഉല്പ. 11:6).

താരകങ്ങൾക്കിടയിൽ കൂടുവയ്ക്കുവാനും (പാർക്കുവാൻ) ആഗോളയാത്ര ചെയ്യുവാനും മനുഷ്യന് കഴിയും (ഓബദ്യാവ് 1:4). ചൊവ്വാഗ്രഹത്തിൽ പോകുവാൻ മനുഷ്യന് കഴിയുന്നുവെങ്കിലും ചൊവ്വായി പോകുവാൻ മനുഷ്യന് കഴിയുന്നില്ല.

"ആയിരമായിരം കോടി വാനഗോളങ്ങളെ താണ്ടി പോയിടും നിൻ മാർഗ്ഗം ഊഹിക്കാവതോ!" (മഹാകവി കെ.വി. സൈമണിന്റെ ഭാവന എത്ര ആശ്ചര്യമാണ്!)

ബുദ്ധിമാനായ മനുഷ്യൻ തന്റെ അത്ഭുതശരീരത്തെയും അതിനുള്ളിൽ വസിക്കുന്ന സർവ്വലോകത്തെക്കാൾ വിലയുള്ള ആത്മാവിനെയും ഉഗ്രവിഷം ചീറ്റുന്ന മദ്യം, മയക്കുമരുന്നുകൾ, പുകവലി തുടങ്ങിയ ലഹരിവസ്തുക്കളെക്കൊണ്ട് നശിപ്പിക്കുന്നത് എന്തിന്? നൂറിൽപ്പരം പ്രാവശ്യം മദ്യലഹരിയുടെ ദോഷങ്ങളെപ്പറ്റി ബൈബിൾ പ്രസ്താവിക്കുന്നുണ്ട്. "മദ്യപാനികൾ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല" (ഗലാത്യർ 5:21). ശ്രീനാരായണഗുരു പറഞ്ഞതുപോലെ നടപ്പാക്കിയാൽ കേരളം മാത്രമല്ല, ഭാരതം ലഹരിമുക്തം ആകും. "ചെത്തരുത്, മണക്കരുത്, രുചിക്കരുത്, കുടിക്കരുത്". ഹോ! എത്ര നല്ല ഉപദേശം! ഇത് എന്തുകൊണ്ട് നടപ്പാക്കാൻ കഴിയുന്നില്ല? നിയമം എത്ര കഠിനം ആക്കിയാലും പാപപ്രവണത മനുഷ്യനിൽ നിന്നും മാറ്റുവാൻ കഴിയുന്നതല്ല. മദ്യലഹരിയിൽ എത്രയെത്ര കൊലപാതകങ്ങൾ, സ്ത്രീപീഡനങ്ങൾ, ആത്മഹത്യകൾ. സ്വന്തം മാതാപിതാക്കളെപ്പോലും അടിച്ചുകൊല്ലുന്നു, എത്ര കുടുംബങ്ങൾ നശിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന കേരളം കുടിച്ചു തീർക്കുന്ന മദ്യത്തിനു അതുപോലെ മയക്കുമരുന്നുപയോഗത്തിനും കണക്കില്ല. ഇത് കേരളത്തിന് അപമാനമല്ലേ? കൗമാരക്കാരിൽ ഈ വിനാശപ്രവണത വർദ്ധിച്ചുവരുന്നു. പുകവലി നിമിത്തം പത്തുലക്ഷത്തിൽപ്പരം മനുഷ്യർ കൊല്ലംതോറും ലോകത്തിൽ മരിച്ചുവീഴുന്നു. വർണ്ണശബളമായ കവറുകളിൽ കിട്ടുന്ന മാരകവസ്തുവാണ് പാൻമസാലപോലുള്ളവ. ചുണ്ടും കവിളും തൊണ്ടയും തുളയ്ക്കുകയും ക്യാൻസർ കാർന്നുതിന്നുവാൻ ഇടയാക്കുകയും ചെയ്യുന്ന കടിച്ചുകീറുന്ന ഈ പേപ്പട്ടികളെ കാശുകൊടുത്തു വാങ്ങി കീശയിലാക്കി കടിപ്പിക്കുന്നത് എന്തിന്?

മനുഷ്യനെ സന്മാർഗ്ഗജീവിതത്തിലേക്ക് നടത്തുവാൻ നല്ല മനസ്സോടെ അനേകർ ശ്രമിച്ചുവരുന്നു. "തുഴഞ്ഞിട്ടും തുഴഞ്ഞിട്ടും വഞ്ചി തിരുനക്കരെ തന്നെ" എന്ന പഴമൊഴിപോലെ എത്ര ശ്രമിച്ചിട്ടും നല്ല മനുഷ്യരാകുവാൻ കഴിയുന്നില്ല. നാം കഴിക്കുന്ന ഭക്ഷണത്തിൽനിന്നല്ല മനുഷ്യൻ അശുദ്ധനാകുന്നത്. മനുഷ്യഹൃദയത്തിലാണ് ദോഷം കുടിയിരിക്കുന്നത്. "ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ ഹൃദയത്തിൽ നിന്ന് പുറപ്പെട്ട് മനുഷ്യനെ അശുദ്ധനാക്കുന്നു" എന്നാണ് യേശുക്രിസ്തു പറഞ്ഞത് (മർക്കൊ. 7:19-23). ഇതിൽ ഒരു ദോഷവും ഇല്ലെന്ന് പറയുവാൻ മനുഷ്യരിൽ ആർക്ക് കഴിയും? നിയമങ്ങൾക്കോ മതങ്ങൾക്കോ ഉപദേശങ്ങൾക്കോ മനുഷ്യരെ നന്നാക്കുവാൻ കഴിയുന്നില്ല. പത്തും ഇരുപതും കൊല്ലം ജയിൽശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവർ അതേ കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നു. "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന തത്വം അംഗീകരിക്കുമ്പോൾ നന്നാകുവാനുള്ള മാർഗ്ഗം എന്ത്? ഇവിടെയാണ് ക്രിസ്തുമാർഗ്ഗം (മതമല്ല) ഉയിർത്തെഴുന്നേല്ക്കുന്നത്.

യേശുക്രിസ്തു ഭൂമിയിൽ അവതരിക്കുന്നതിന് നാലായിരവും ആയിരവും എഴുന്നൂറും നാനൂറും വർഷങ്ങൾക്ക് മുമ്പ് പ്രവാചകന്മാർ പറഞ്ഞതുപോലെ സ്ത്രീയുടെ സന്തതിയായി (പുരുഷബന്ധമില്ലാതെ) ജെറുസലേമിന് അടുത്തുള്ള ബേത്ലഹേമിൽ മറിയ എന്ന കന്യക യേശുവിന് ജന്മം നൽകി (ഉല്പത്തി 3:15; യെശയ്യാവ് 9:6,7; മീഖാ 5:2,3). ഈ പ്രവചനം നിവർത്തിക്കപ്പെട്ടു (ലൂക്കൊസ് 2:5-14). ഇതുപോലെ ആരും ജനിച്ചിട്ടില്ല. പാപരഹിതനായി ആരും ജീവിച്ചിട്ടില്ല. അവകാശവാദങ്ങൾ ആരും പറഞ്ഞിട്ടില്ല. യേശുവിനെ ദൈവപുത്രൻ എന്ന് പറയുന്നത് ദൈവത്തിൽ നിന്ന് ജനിച്ചു എന്ന അർത്ഥത്തിലല്ല. ദൈവം എന്നുണ്ടോ അന്ന് പുത്രനും പരിശുദ്ധാത്മാവും ഉണ്ട്. ദൈവം ഏകൻ എന്ന് ബൈബിളിൽ അനേക ഭാഗത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. ആ ഏകത്വത്തിൽ ത്രിത്വസാരാംശത്തെയാണ് കാണുന്നത്.

**യേശുവിന്റെ അവതാരത്തിന്റെ ഉദ്ദേശ്യം :**

പാപത്താൽ ദൈവത്തിൽനിന്നകന്ന മനുഷ്യകുലത്തെ രക്ഷിപ്പാൻ വേണ്ടിയാണ് യേശു ലോകത്തിലവതരിച്ചത്. "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു" (1 തിമൊ. 1:15). പ്രവാചകനായ സ്നാപകയോഹന്നാൻ യേശുവിനെക്കുറിച്ച് വിളിച്ചു പറഞ്ഞത്: "ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നാണ് (യോഹ. 1:29). "മനുഷ്യപുത്രൻ (യേശു) ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി (ക്രൂശിൽ യാഗമായി) കൊടുപ്പാനുമത്രേ വന്നത്" (മർക്കൊ. 10:45). യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണം യാദൃച്ഛികമല്ല, മനുഷ്യന്റെ പാപപരിഹാരയാഗമായിരുന്നു. ക്രിസ്തു തന്റെ ക്രൂശുമരണത്തിന് മുമ്പ് പല തവണ ശിഷ്യന്മാരോട്, യെഹൂദാമതത്തിലെ ശാസ്ത്രിമാർ, മൂപ്പന്മാർ, മഹാപുരോഹിതന്മാർ എന്നിവരാൽ പലതും സഹിച്ച്

▶▶ ശേഷം 4-ാം പേജിൽ

പ്രാർത്ഥിക്കുക... ഒരുങ്ങുക... കടന്നുവരിക....

**വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് 2023**

ആഗസ്റ്റ് 28, 29, 30, 31 (തിങ്കൾ മുതൽ വ്യാഴം വരെ)

ജേക്കബ് പി. മാത്യു (ജനറൽ സെക്രട്ടറി) 9847000691

## മീഖൾ ഒരു മുന്നറിയിപ്പ് (2 ശമുവേൽ 6:16)

വി.കെ. മാത്യു, കൊട്ടാരക്കര

"എന്നാൽ യഹോവയുടെ പെട്ടകം ദാവീദിനെ നഗരത്തിൽ കടക്കുമ്പോൾ ശൗലിന്റെ മകളായ മീഖൾ കിളിവാതിലിലൂടെ നോക്കി ദാവീദ് രാജാവ് യഹോവയുടെ മുമ്പാകെ കുതിച്ച് നൃത്തം ചെയ്യുന്നത് കണ്ട് തന്റെ ഹൃദയത്തിൽ അവനെനിന്ദിച്ചു. ശൗൽ രാജാവിന്റെ മകളും ദാവീദ് രാജാവിന്റെ ഭാര്യയും ആയിരുന്ന മീഖൾ ആണ് ഇവിടുത്തെ പ്രതിപാദ വിഷയം. ഈ വേദഭാഗത്തിലെ ചരിത്രം അല്പമായിചിന്തിക്കാം.

ദാവീദ് രാജാവ്, യഹോവയുടെ പെട്ടകം ഓബേദ്-ഏദോമിന്റെ വീട്ടിൽ നിന്നും ദാവീദിനെ നഗരത്തിലേക്ക് മഹാസന്തോഷത്തോടും ആഘോഷങ്ങളോടും കൂടെ കൊണ്ടുവരുന്ന രംഗമാണ് ഇത്. ദാവീദും കൂടെയുള്ളവരും പെട്ടകം ചുമന്നു കൊണ്ടുവരികയാണ്. ആ സമയത്ത് ദാവീദ് രാജാവ് തന്റെ രാജകീയവസ്ത്രം ഒക്കെയും മാറ്റിവെച്ച് വെറും ഒരു പഞ്ഞിനൂലങ്കി ധരിച്ചുകൊണ്ട് പൂർണ്ണശക്തിയോടെ ഒരു സാധാരണക്കാരനെപോലെ സന്തോഷം കൊണ്ട് നൃത്തം ചെയ്ത് വളരെ സന്തോഷത്തോടും ആർപ്പോടും കൂടെ പെട്ടകം കൊണ്ടുവരികയാണ്. ആ സമയത്താണ് മീഖൾ ഈ രംഗം കിളിവാതിലിൽക്കൂടി നോക്കി കാണുന്നത്. അപ്പോൾ അവളുടെ ഹൃദയത്തിൽ ഉണ്ടായ ചിന്തയാണ് ഈ വേദഭാഗത്ത് കാണുന്നത്. ദാവീദ് രാജാവിനെ അവളുടെ ഹൃദയത്തിൽ നിന്ദിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ദാവീദിന് ദൈവത്തോടുള്ള സ്നേഹവും ബഹുമാനവും നന്ദിയും ഒന്നും മീഖളിന് മനസ്സിലായില്ല. അവൾ മനസ്സിലാക്കേണ്ടതായിരുന്നു. അവളുടെ ഉള്ളിൽ വലിയവനായ ദൈവത്തിന് കാര്യമായ സ്ഥാനമുണ്ടായിരുന്നില്ല. എന്തുകൊണ്ട്? അവൾ യിസ്രായേൽക്കാരിയാണ്, ബെന്യാമിൻ ഗോത്രക്കാരിയാണ്. മാത്രമല്ല യിസ്രായേലിലെ ആദ്യത്തെ രാജാവായ ശൗലിന്റെ മകളുമായിരുന്നല്ലോ. എന്നാൽന്യായപ്രമാണവും ദൈവകല്പനകളും വേണ്ടപോലെ അവൾ പഠിച്ചിരുന്നില്ല. ശൗലിന്റെ കൊട്ടാരത്തിൽ ദൈവവചനത്തിന് സ്ഥാനം ഉണ്ടായിരുന്നില്ലല്ലോ.

**നാം നമ്മുടെ കുഞ്ഞുങ്ങളെ ദൈവവചനത്തിൽ വളർത്തിക്കൊണ്ടു വരേണ്ട ആവശ്യമുണ്ട്. ദൈവത്തിന്റെ മഹത്വം അവരെ പറഞ്ഞു പഠിപ്പിക്കണം. മീഖളിന് അതൊന്നും കിട്ടിയതായി തോന്നുന്നില്ല.**

നാം നമ്മുടെ കുഞ്ഞുങ്ങളെ ദൈവ വചനത്തിൽ വളർത്തിക്കൊണ്ടു വരേണ്ട ആവശ്യമുണ്ട്. ദൈവത്തിന്റെ മഹത്വം അവരെ പറഞ്ഞു പഠിപ്പിക്കണം. മീഖളിന് അതൊന്നും കിട്ടിയതായി തോന്നുന്നില്ല.

എന്നാൽ മറ്റൊരു പെൺകുട്ടിയുടെ ചരിത്രം നമ്മൾ രണ്ട് രാജാക്കന്മാർ അഞ്ചാം അധ്യായത്തിൽ കാണുന്നു. യിസ്രായേൽക്കാരി, ഒരു ചെറിയ പെൺകുട്ടിയെ അരാം രാജാവിന്റെ സേനാപതി ആയിരുന്ന നയമാന്റെ വീട്ടിൽ നാം കാണുന്നു. അവൾ ഒരു പാവപ്പെട്ട വീട്ടിലെ പെൺകുട്ടി ആയിരുന്നിരിക്കാം.

▶▶ ശേഷം 2-ാം പേജിൽ

എഡിറ്റോറിയൽ — പേജ് 2
ഫിലേമോൻ ലേഖന പഠനം — പേജ് 3
യുവലോകം — പേജ് 4
മഹത്വത്തിൽ — പേജ് 5
ചിന്ത — പേജ് 6

SUVISESHADHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2023 ഫെബ്രുവരി 04/ പുസ്തകം 41 ലക്കം 37

എഡിറ്റോറിയൽ

# മുന്നറിയിപ്പുകളെ അവഗണിക്കരുതേ !

നാം ജീവിക്കുന്ന ലോകം അനേക മുന്നറിയിപ്പുകൾ നമ്മൾക്ക് തരുന്നു. അതിൽ പലതും വേണ്ട തരത്തിൽ നാം പ്രയോഗികമാക്കാറില്ല. ദിനേനയുള്ള വർത്തമാനപത്രങ്ങളിൽ അതിന്റെ ഫലമായിട്ടുള്ള ആപത്തുകളും അപകടങ്ങളും നാം കാണാറുമുണ്ട്, എന്നാൽ വീണ്ടും അത് ഗണ്യമാക്കാത്തതു മൂലം അപകടങ്ങൾ വർദ്ധിച്ചുവരുന്നതായും കാണാം. മുന്നറിയിപ്പുകൾ മിക്കവാറും എല്ലാം തന്നെ മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിലാണ് നൽകപ്പെടുന്നത്. അത് അതേപടി സ്വീകരിച്ചാൽ മുൻപ് ഉണ്ടായ പ്രതിസന്ധികൾ ഒരളവുവരെ ഒഴിവാക്കാനും സാധിക്കും. പക്ഷെ പല പല കാരണങ്ങൾകൊണ്ട് മുന്നറിയിപ്പുകൾ അതേപടി സ്വീകരിക്കുവാനും അതിനനുസരിച്ച് പ്രവർത്തിക്കുവാനായും നാം ശ്രദ്ധിക്കാറില്ല.

ഇത് ലോകത്തിന്റെ കാര്യം മാത്രമല്ല. ദൈവജനവും ഈ നാളുകളിൽ ഇങ്ങനെയുള്ള വിഷയങ്ങളിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ലെന്നതല്ലേ സത്യം? ദൈവവചനത്തിൽ രേഖപ്പെടുത്തി ലഭിച്ചിരിക്കുന്ന അനേകം കല്പനകളും ഭയനിർദേശങ്ങളെയും നാം മന:പൂർവ്വമായി അനുസരിക്കുന്നുണ്ടോ എന്നൊരു വിചിന്തനം അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിൽ നാം എത്തിയിരിക്കുകയാണ്.

ദൈവവചനം മുന്നറിയിപ്പ് എന്ന പദത്തിന് പകരം ‘ബുദ്ധിയുപദേശം’ എന്ന പദം ഉപയോഗിച്ചിരിക്കുന്നു. അപ്പൊസ്തലനായ പൗലോസ് കൊരിന്ത്യർക്ക് ആദ്യലേഖനം എഴുതുമ്പോൾ പഴയനിയമ ചരിത്രഭാഗങ്ങൾ ഉദ്ധരിച്ച് അവരോട് ‘ബുദ്ധി’ ഉപദേശിക്കുന്നതായി നാം അതിന്റെ പത്താം അദ്ധ്യായത്തിൽ വായിക്കുന്നു. യിസ്രായേൽ മക്കളുടെ കനാനിലേക്കുള്ള പ്രയാണം ആണ് അവിടുത്തെ വിഷയം. അവർ ദൈവത്തോട് വീണ്ടും വീണ്ടും പാപം ചെയ്യുകയും സമയാസമയങ്ങളിൽ അവർ ശിക്ഷിക്കപ്പെടുകയും ചെയ്തു, പക്ഷെ ആ ഭാഗങ്ങൾ പഠിക്കുമ്പോൾ  ഒരു സത്യം വ്യക്തമാകും, ദൈവം അന്ന് അവരെ ആ നിലയിൽ ശിക്ഷിച്ച് വഴി നടത്തിയില്ലായിരുന്നെങ്കിൽ ഇന്ന് യിസ്രായേൽ എന്നൊരു ജനവിഭാഗമോ രാജ്യമോ ഉണ്ടാവുകയില്ലായിരുന്നു,

ദൈവം ‘വിശ്വാസികളുടെ പിതാവായ’ അബ്രഹാമിനെ കൽദയരുടെ പട്ടണമായ ഊരിൽ നിന്നും വിളിച്ചിറക്കിയത് വലിയൊരു പദ്ധതിയുടെ ഭാഗമായിരുന്നല്ലോ. അബ്രഹാമിന് അന്ന് അത് പൂർണ്ണമായും മനസ്സിലായിക്കാണുമെന്ന് തോന്നുന്നില്ല. എന്നാൽ ആ പദ്ധതി ഇന്നും പൂർത്തിയായിട്ടില്ല. പലപ്പോഴും അബ്രഹാമിന്റെ സന്തതിപരമ്പര ദൈവത്തോട് പാപം ചെയ്യുകയും ദൈവത്തെ കോപിപ്പിക്കുകയും ചെയ്തു. പക്ഷെ അബ്രഹാമിന്റെ മക്കളെ ദൈവം ഒരിക്കലും തള്ളിക്കളഞ്ഞിട്ടില്ല, കളയുകയുമില്ല.എന്നാൽ കാലാകാലങ്ങളിൽ അനേകം പ്രവാചകന്മാരെ അയച്ച് അവർക്ക് മുന്നറിയിപ്പുകൾ കൊടുത്തുകൊണ്ടേയിരുന്നു,

ദൈവവചനത്തിന്റെ ഒരു നിസ്തുല്യത എന്നത് അത് അനേകം ദൃഷ്ടാന്തങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നുവെന്നതാണ്. ആദ്യ മാതാപിതാക്കളുടെ ജീവിതം മുതൽ അത് കാണാം. അവരുടെ പാപം മാനവജാതിയുടെ പാപത്തിന് കാരണമായി. എങ്കിലും അത് രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ഒരു ലക്ഷ്യം നമ്മൾക്ക് ബുദ്ധിയുപദേശം ആണ്.  അന്ന് മുതൽ ഉണ്ടായ ദൈവഭക്തരുടെ പരാജങ്ങളും വചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. എബ്രഹാം, ഇസഹാക്, യാക്കോബ്, ദാവീദ് തുടങ്ങി അനേക പഴയനിയമ ഭക്തന്മാരുടെ ജീവിതപരാജയങ്ങളും നമ്മൾക്ക് രേഖപ്പെടുത്തിത്തന്നിരിക്കുന്നത് മറ്റൊരു ഉദ്ദേശത്തോടെയല്ലല്ലോ. അതുപോലെ തന്നെ  കായീൻ, ആഹാബ്, ഇസബെൽ, നാബാൽ തുടങ്ങിയ  ദുഷ്ടന്മാരുടെ ചരിത്രവും ഇതേ ഉദ്ദേശത്തോടെ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

അപ്പോൾ പുതിയനിയമവിശ്വാസികളായ നാം എത്ര സൂക്ഷമതയോടെ മുന്നറിയിപ്പുകളെ ശ്രദ്ധിക്കേണ്ടതാണെന്ന് ഈ ദൃഷ്ടാന്തങ്ങൾ നമ്മെ ഓർപ്പിക്കുന്നു. പുതിയനിയമഭക്തന്മാരുടെ ജീവിതത്തിലും പരാജയങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇന്ന് നമ്മൾക്ക് ഒരു മദ്ധ്യസ്ഥൻ പിതാവിന്റെ സന്നിധിയിൽ നമ്മൾക്കായി പക്ഷവാദം ചെയ്യുവാനായി ഉണ്ടെന്ന വലിയൊരു ആശ്വാസം നമ്മൾക്കുണ്ട്. എന്നാൽ അത് മുന്നറിയിപ്പുകൾ അവഗണിച്ച് പാപം ചെയ്യാനുള്ള വിശേഷാധികാരം (Privilege) അല്ല. പിന്നെയോ ദൈവകൃപയുടെ പ്രദർശനം (Provision) മാത്രമാണ്. അപ്പസ്തലനായ യോഹന്നാൻ തന്റെ ലേഖനത്തിൽ അത് വളരെ വ്യക്തമായി നമ്മെ ഓർപ്പിക്കുന്നുണ്ടല്ലോ.

ഇത് അന്ത്യനാളുകളാണെന്ന് ദൈവവിശ്വാസികളായ നമ്മൾക്കറിയാം. എന്നാൽ ഈ അറിവ് നമ്മുടെ ജീവിതത്തിൽ പ്രയോഗികമാക്കുന്നുണ്ടോ എന്ന് ചിന്തിക്കുക. ദൈവീകമുന്നറിയിപ്പുകളെ നാം എത്രത്തോളം സൂക്ഷ്മമായി ശ്രദ്ധിക്കയും അതിനനുസരിച്ച് ജീവിക്കയും ചെയ്യുന്നു? ഇനിയുള്ള നാളുകൾ അത്ര സുഖകരമായ ദിവസങ്ങൾ ആയിരിക്കില്ലയെന്ന സത്യം നാം മനസ്സിലാക്കുക. ഈ ലോകത്തിൽ കഷ്ടം പല നിലയിൽ നമ്മെ തേടിയെത്താം. ഒരു പക്ഷെ നമ്മുടെതായ തെറ്റായ പ്രവർത്തികളും അതിന് കാരണമായേക്കാം. ചിലപ്പോൾ സുവിശേഷത്തിനായും അതുണ്ടാകാം. അപ്പസ്തലനായ യോഹന്നാൻ തന്റെ അനുഭവം ഇങ്ങനെ വെളിപ്പെത്തുന്നു.... “നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണതയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്ന ദ്വീപിൽ ആയിരുന്നു” (വെളി. 1:9). ഇങ്ങനെയൊക്കെ ഇനിയും സംഭവിക്കാം. അതുകൊണ്ട് നാം വളരെ തയ്യാറെടുക്കേണ്ട ദിവസങ്ങളാണിത്.

ദൈവീകമുന്നറിയിപ്പുകളെ അതിന്റെ പ്രാധാന്യത്തോടെ ശ്രദ്ധിക്കാം; അനുസരിക്കാം; അതിനനുസരിച്ച് പ്രവർത്തിക്കാം; ജീവിക്കാം..... .അങ്ങനെയുണ്ടായാൽ ദൈവീക കാര്യപരിപാടികൾ വേണ്ട തരത്തിൽ മനസ്സിലാക്കി നമ്മുടെ ക്രിസ്തീയജീവിതത്തിൽ  വിജയകരമായി മുന്നേറാൻ സാധിക്കും. ●

▶▶ 1-ാം പേജ് തുടർച്ച

# മീഖൾ ഒരു മുന്നറിയിപ്പ്

എന്നാൽ അവൾക്ക് ദൈവത്തെക്കുറിച്ചും യിസ്രായേലിലെ പ്രവാചകനെക്കുറിച്ചും ഉള്ള അറിവ് ഉണ്ടായിരുന്നു. തന്റെ യജമാനന്റെ കുഷ്ഠം പ്രവാചകൻ മാറ്റിക്കൊടുക്കും എന്ന് അവൾ യജമാനത്തിയോടെ പറഞ്ഞു. ആ ചരിത്രം നാം വ്യക്തമായി വായിക്കുന്നുണ്ടല്ലോ. നയമാൻ പോകുകയും തന്റെ കുഷ്ഠം മാറി സൗഖ്യമുള്ളവനായി സന്തോഷത്തോടെ തിരിച്ച് വരികയും ചെയ്തു. നയമാൻ പറയുന്ന സാക്ഷ്യം വളരെ വിലപ്പെട്ടതാണ്. യിസ്രയേലിൽ അല്ലാതെ ഭൂമിയിലെങ്ങും ഒരു ദൈവം ഇല്ല എന്ന് ഞാൻ ഇപ്പോൾ അറിയുന്നു. ആ ചെറിയ പെൺകുട്ടി മുഖാന്തരം ദൈവനാമം ഉയർത്തപ്പെടുവാൻ ഇടയായി. നമ്മുടെ കുഞ്ഞുങ്ങളെ ദൈവവചനം അഭ്യസിപ്പിക്കാൻ നാം തന്നെ ചുമതല ഏറ്റെടുക്കണം. “ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക; അവൻ വൃദ്ധൻ ആയാലും അതു വിട്ടുമാറുകയില്ല”.

എന്നാൽ മീഖൾ പറഞ്ഞ കാര്യം എത്രയോ ദുഃഖകരമാണ് ദൈവസന്നിധിയിൽ താഴുവാൻ അവൾക്ക് മനസ്സുണ്ടായിരുന്നില്ല. ദൈവത്തിന്റെ മഹത്വം അവൾ ഗ്രഹിച്ചില്ല. ദാവീദിനെ അവൾ പരിഹസിക്കുകയായിരുന്നു. ദാവീദിന്റെ മഹത്വം പോയി എന്നാണ് മീഖൾ പറയുന്നത്. “ദൈവത്തെ മാനിക്കുന്നവരെ ദൈവം മാനിക്കും” എന്ന കാര്യം മീഖളിന് മനസ്സിലായില്ല. ദൈവസന്നിധിയിൽ നാമെത്ര മാത്രം താഴുന്നുവോ അവൻ നമ്മെ അത്രമാത്രം ഉയർത്തും. ദൈവസന്നിധിയിൽ ചെറിയകാര്യങ്ങൾ ചെയ്യുന്നത് ചിലർക്ക് ഇഷ്ടമല്ല. ഭവനസന്ദർശനം ചെയ്ത് സുവിശേഷം അറിയിക്കുക, സുവിശേഷപ്രതികൾ വിതരണം ചെയ്യുക ഇതൊന്നും ചെയ്യാൻ അവർ ആഗ്രഹിക്കുന്നതും ഇല്ല. അവർക്ക് സ്റ്റേജ് പ്രസംഗം മാത്രം മതി.

എന്നാൽ ദാവീദ് പറഞ്ഞ കാര്യം വളരെ ശ്രദ്ധേയമാണ്. യഹോവയുടെ ജനമായ യിസ്രായേലിന് പ്രഭുവായി നിയമിക്കാൻ തക്കവണ്ണം നിന്റെ അപ്പനിലും അവന്റെ സകല ഗ്രഹത്തിലും ഉപരിയായി എന്നെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവയുടെ മുമ്പാകെ, അതെ യഹോവയുടെ മുമ്പാകെ ഞാൻ നൃത്തം ചെയ്യും. ഞാൻ ഇനിയും ഇതിലധികവും ഹീനനും എന്റെ കാഴ്ചക്ക് എളിയവനും ആയിരിക്കും... (2 ശമുവേൽ 6 :2,22). എഴുപത്തിയെട്ടാം സങ്കീർത്തനം എഴുപതാം വാക്യത്തിൽ പറയുന്നത് ആട്ടിൻതൊഴുത്തുകളിൽനിന്ന് അവനെ വരുത്തി എന്നാണ്. ആട്ടിടയനായിരുന്നു ദാവീദിനെ അവിടെ നിന്ന് ദൈവം കൊണ്ടുവന്ന് യിസ്രായേലിന് രാജാവാക്കി. ദാവീദ് രാജാവ് എങ്ങനെ സന്തോഷം കൊണ്ട് ദൈവസന്നിധിയിൽ നൃത്തം ചെയ്യാതിരിക്കും! മീഖളിന് അത് മനസ്സിലാക്കുകയില്ല. ദൈവത്തെ രുചിച്ചറിഞ്ഞിട്ടില്ലാത്തവളാണ്.  യിസ്രായേല്യകുടുംബത്തിലാണ് ജനനം. എന്നാൽ അവളുടെ ഉള്ളിൽ കർത്താവ് വന്നിട്ടില്ല. വിശ്വാസഭവനത്തിൽ ജനിച്ചതുകൊണ്ടു മാത്രം കാര്യമില്ല. നമ്മുടെ കുഞ്ഞുങ്ങളുടെ രക്ഷ നാം തന്നെ ഉറപ്പാക്കണം. നമ്മുടെ മക്കളെ ദൈവമക്കളായി നമുക്ക് വളർത്തിയെടുക്കാം. മീഖളിനെ വളർത്തേണ്ട വിധത്തിൽ വളർത്തിയില്ല നമ്മുടെ കുഞ്ഞുങ്ങളെ ദൈവഭയത്തിൽ നമുക്ക് വളർത്താം. ഞായറാഴ്ചകളിൽ സൺഡേ സ്കൂളിന്, വിടാതെ സഭായോഗത്തിന്, വിടാതെ ട്യൂഷനും മറ്റും വിടുന്നത് വളരെ തെറ്റായ കാര്യങ്ങളാണ്. നമ്മുടെ കൂടിവരവുകളിൽ നിർബന്ധമായും കുഞ്ഞുങ്ങൾ ബൈബിളുമായി പോകുവാൻ അവരെ പഠിപ്പിക്കണം. പുസ്തകത്തിൽ നിന്ന് പാട്ടുകൾ പാടാൻ പഠിപ്പിക്കാം. പകരം മൊബൈൽ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്താം. ചൊട്ടയിലെ ശീലം ചുടല വരെ എന്നാണല്ലോ പ്രമാണം. ദയവുചെയ്ത് നമ്മുടെ ഭവനങ്ങളിൽ അറിഞ്ഞുകൊണ്ട് മീഖൾമാരെ സൃഷ്ടിക്കരുത്. ദൈവഭയത്തിൽ നമ്മുടെ തലമുറകളെ വളർത്തി എടുക്കാം. മീഖളിന്റെ അവസാനം വളരെ ദുഃഖകരം ആയിരുന്നു എന്ന് നമുക്കറിയാം. ആർക്കും അങ്ങനെ സംഭവിക്കാതിരിക്കട്ടെ. വലിയവനായ ദൈവത്തെ നമുക്ക് ഭയപ്പെട്ട്. മഹത്വമെല്ലാം തിരുപ്പാദത്തിൽ അർപ്പിക്കാം. അവിടുത്തെ വിലയേറിയ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ●

# ധ്വനി ബൈബിൾ ക്വിസ് – 36
## ശമുവേലിന്റെ രണ്ടാം പുസ്തകം

1. യിശ്ബി - ബെനോബ് ധരിച്ചിരുന്ന താമ്രശൂലത്തിന്റെ തൂക്കം എത്ര?
2. ഒരു ദൈവദൂതന്റെ ജ്ഞാനത്തിന് ഒത്തവണ്ണം ജ്ഞാനമുള്ളത് ആർക്ക്?
3. കാട്ടുകലയെപ്പോലെ ശീഘ്രഗാമി ആര്?
4. ദാവീദ് ചെയ്ത വലിയ ഭോഷത്തം എന്ത്?
5. യഹോവ സ്നേഹിച്ചത് ആരെ?
6. “നിന്നെ തടുപ്പാൻ കുരുടരും മുടന്തരും മതി” ആര് ആരോട് പറഞ്ഞു?
7. ചെറുപയർ കവർച്ചയ്ക്ക് വന്നത് ആര്?
8. ആരെയാണ് ‘കാട്ടിൽ കുട്ടികൾ കവർന്നുപോയ കരടിയോട്’ സാമ്യപ്പെടുത്തിയിരിക്കുന്നത്?
9. ദാവീദിന് കപ്പം കൊടുത്തുവന്നത് ആര്?
10. അരാമ്യരുടെ സേനാപതിയുടെ പേര് എന്ത്?

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 25**

വിലാസം: സ്പർജൻ കെ. ജെ, ബൈബിൾ ഭവൻ,
റസ്സൽപുരം. പി. ഒ., ബാലരാമപുരം , തിരുവനന്തപുരം – 695 501
ഇമെയിൽ : spurjan.kj@gmail.com, വാട്ട്സാപ്പ് നമ്പർ : 9495131875

ചീഫ് എഡിറ്റർ : സാം സഖറിയ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : ജോയികുമാർ വി.കെ.
സർക്കുലേഷൻ മാനേജർ : സ്പർജൻ കെ.ജെ.
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
വിദേശങ്ങളിൽ : ₹ 3000/-

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 0096-04073006-195001
IFSC Code : CSBK 0000096

**തിരുമൊഴി**

“ദയയും വിശ്വസ്തതയുംകൊണ്ടു അകൃത്യം പരിഹരിക്കപ്പെടുന്നു; യഹോവാഭക്തികൊണ്ടു മനുഷ്യർ ദോഷത്തെ വിട്ടകലുന്നു.”
(സദൃ. 14:26)


Every Tribe... Every Language

## എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ

# രാജസ്ഥാനിലെ ഗോത്രവർഗ്ഗക്കാർ

**ഓഡ് രാജ്പുട്ട്**

രാജസ്ഥാനിലെ രാജസ്ഥാനിലെ അൽവാർ, ശ്രീഗംഗാനഗർ, ഹനുമാൻ ഗർഹ് എന്നീ ജില്ലകളിൽ കാണപ്പെടുന്ന ഇവരുടെ ജനസംഖ്യ രണ്ടര കോടിയാണ്. 19-ാം നൂറ്റാണ്ടിൽ ഇവരുടെയിടയിൽ ക്രിസ്തീയ പ്രവർത്തനം ആരംഭിച്ചതാണ്. 1870 -ൽ റോമൻ കത്തോലിക്കാ പുരോഹിതന്മാർ ഇവരുടെ പ്രദേശം സന്ദർശിക്കുകയും ഒരു പള്ളി പണിത് ക്രിസ്ത്യാനിത്യത്തിലേക്ക് ഒരു മതമെന്ന നിലയിൽ അവരെ ആകർഷിക്കുകയും ചെയ്തു. ഈ പള്ളി നിർഭാഗ്യവശാൽ പില്ക്കാലത്ത് സ്കൂളായി പരിവർത്തനം ചെയ്യപ്പെട്ടു. അവരുടെ ഭാഷയിലേക്ക് പുതിയനിയമത്തിന്റെ പരിഭാഷ പൂർത്തിയാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ജനതയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.




**സമ്പാദനം : ഇ.ജെ.പി.**

## പ്രാർത്ഥിക്കുക... കടന്നുവരിക...

**വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ സുവിശേഷ ക്യാമ്പ്**

**പത്തനംതിട്ട – സീതത്തോട്**

**2023 ഫെബ്രുവരി 8 രാവിലെ 9.30 ന് ആരംഭിച്ച് 10 ന് ഉച്ചയ്ക്ക് 2.00 മണിക്ക് സമാപിക്കും.**

*സഹോദരന്മാർ പ്രാർത്ഥനയോടെ കടന്നു വന്ന് സഹകരിക്കണമേ.*

വി.റ്റി. രവി (പത്തനംതിട്ട സെന്റർ സെക്രട്ടറി, 9744413326

## 26–ാമത് ബ്രദറൺ കൺവെൻഷൻ

2023 ജനുവരി 31 ചൊവ്വ മുതൽ ഫെബ്രുവരി 05 ഞായർ വരെ

**സ്ഥലം: തെള്ളിയൂർ വരിയ്ക്കാനിക്കൽ ബ്രദ്റൺസഭാ മൈതാനം**

**പ്രസംഗകർ**

Evg. ചാണ്ടപ്പിള്ള ഫിലിപ്പ്, കോട്ടയം
Dr. C M ജേക്കബ്, കുണ്ടറ
Bro. റോയി മാത്യൂസ്, ഓമല്ലൂർ
Evg. റെജി കെ തോമസ്, നെല്ലാടി
Evg. എബി കെ ജോർജ്, മല്ലശ്ശേരി

**വിവിധ ശുശ്രൂഷകൾ**

സുവിശേഷയോഗങ്ങൾ
മിഷണറി സമ്മേളനം
SBS &YMEF സമ്മേളനം
സോദരീസമാജം സമ്മേളനം
ബൈബിൾ ക്ലാസ്സ്
പരസ്യയോഗങ്ങൾ
സ്നാനശുശ്രൂഷ
സംയുക്ത സഭായോഗം

സംഗീത ശുശ്രൂഷ കൺവെൻഷൻ ക്വയർ

## സുവിശേഷ യോഗം

| | | |
|---|---|---|
| സ്ഥലം | : | നടത്തറ ശാലേം ബ്രദറൺ സഭാങ്കണം |
| സമയം | : | 2023 ഫെബ്രുവരി 19 വൈകിട്ട് 6 – 8:30 വരെ. |
| പ്രസംഗകൻ | : | സുവി. ബാബു വർഗീസ് നടത്തറ. |
| ഗാനശുശ്രൂഷ | : | ശാലേം ഗോസ്പൽ സിംഗേഴ്സ് |
| | | ബാബു വർഗീസ്, സണ്ണി കെ എസ്, മണി സി പി |

# 3 ഫിലേമോൻ ലേഖന പഠനം

**സാംസൺ ഹെൻറി, കൊല്ലം**

### ബദ്ധനായ പൗലൊസും സഹോദരനായ തിമൊഥെയൊസും

ഫിലേ.1,2 – ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസും സഹോദരനായ തിമൊഥെയൊസും ഞങ്ങളുടെ പ്രിയനും കൂട്ടുവേലക്കാരനുമായ ഫിലേമോൻ എന്ന നിനക്കും സഹോദരിയായ അപ്പിയെക്കും ഞങ്ങളുടെ സഹഭടനായ അർക്കിപ്പൊസിന്നും നിന്റെ വീട്ടിലെ സഭെക്കും എഴുതുന്നതു: (Paul, a prisoner of Christ Jesus, and Timothy our brother, To Philemon our beloved friend and fellow laborer, to the beloved Apphia, Archippus our fellow soldier, and to the Church in your house:)

പൗലൊസ് ക്രിസ്തുയേശുവുമായുള്ള തന്റെ ബന്ധത്തെ പറഞ്ഞുകൊണ്ട് ലേഖനം ആരംഭിക്കുന്നു. ഫിലേമോനുള്ള വ്യക്തിപരമായ കത്തെങ്കിലും ഇതിൽ പലരുടെയും പേരുകൾ പറഞ്ഞുകൊണ്ടാണ് എഴുതുന്നത് (1) ഫിലേമോൻ (2) സഹോദരി അപ്പിയ (3) അർക്കിപ്പൊസ് (4) വീട്ടിലെ സഭ അതായത് സഭാവിശ്വാസികൾ. ഇവരൊക്കെയും തന്റെ കത്തു വായിക്കണമെന്നു പൗലൊസ് ആഗ്രഹിക്കുന്നു.

**ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസ് (ഫിലേ.1)** – (Pau-l, a prisoner of Christ Jesus)

ലേഖനകർത്താവ് എന്ന നിലയിൽ പൗലൊസ് തന്നെത്തന്നെ വിശേഷിപ്പിക്കുന്നത് "ക്രിസ്തുയേശുവിന്റെ ബദ്ധൻ" (Paul, a prisoner of Christ Jesus) എന്നാണ്. എഫേസ്യലേഖനത്തിൽ "കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ" (the prisoner of the Lord എഫെ.4:1) എന്നാണു മലയാളത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്തുയേശുവിന്റെ ബദ്ധൻ എന്നത് യേശുക്രിസ്തുവുമായുള്ള തന്റെ വ്യക്തിപരമായ ബന്ധത്തെയും കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന എന്നത് ക്രിസ്തുവിലുള്ള തന്റെ ശുശ്രൂഷയോടുള്ള ബന്ധത്തിലുമാണ്. കർത്താവിനോടുള്ള വ്യക്തിപരമായ ബന്ധവും ആശ്രയവും അചഞ്ചലമായ വിശ്വാസവും ഭക്തിയുമുള്ള ഒരുവനു മാത്രമേ കർത്താവിന്റെ ശുശ്രൂഷയിലും സേവയിലും വിജയിക്കുവാൻ കഴിയൂ.

പൗലൊസ് തന്നെ പരിചയപ്പെടുത്തുന്നത് ഒരു തടവുകാരൻ എന്ന നിലയിലാണ്. കാരണം ഈ കത്തെഴുതുന്ന സമയം താൻ റോമൻ കാരാഗൃഹത്തിൽ സുവിശേഷം നിമിത്തം ഒരു തടവുകാരനായിരുന്നു. എന്നാൽ കേവലം തടവുകാരൻ എന്നതിലുപരി ക്രിസ്തുയേശുവിന്റെ ബദ്ധൻ എന്നു പരിചയപ്പെടുന്നതിൽ അഭിമാനിക്കുന്നു. തന്റെ കൈയ്യിലും കാലിലും കിടക്കുന്ന ചങ്ങല ഏറെ സ്വാതന്ത്ര്യമില്ലായ്മയും അസ്വസ്തതകളും ഉണ്ടാക്കുന്നുവെങ്കിലും അത് തന്നെ യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ അണിയിക്കപ്പെട്ടതിനാൽ സന്തോഷിക്കുന്നു. കാരണം തന്നെ വീണ്ടെടുത്തു രക്ഷിച്ച ക്രിസ്തുവിനുവേണ്ടി സഹിക്കുന്നതിനാൽ തന്നെ. ക്രിസ്തുവിന്റെ നാമം സകലരുടെയും മദ്ധ്യേ പ്രസ്താവിക്കുവാനും, ക്രിസ്തുവിന്റെ നാമത്തിനുവേണ്ടി കഷ്ടം അനുഭവിക്കാനും ദൈവം തിരഞ്ഞെടുത്ത പാത്രമാണ് താനെന്നു പൗലൊസിനു അറിയാമായിരുന്നു (അപ്പൊ.9:15,16).

യേശുക്രിസ്തുവിന്റെ അപ്പൊസ്തലൻ എന്നു ന്യായമായി തനിക്കു അവകാശപ്പെടാമെങ്കിലും ഫിലേമോനു എഴുതുമ്പോൾ ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസ് എന്നാണ് പറഞ്ഞിരിക്കുന്നത്. തന്റെ ലേഖനങ്ങളിൽ പലഭാഗങ്ങളിലും താൻ ക്രിസ്തുയേശുവിന്റെ ബദ്ധൻ എന്നു പറയുന്നതിൽ അഭിമാനിക്കുന്നതായി കാണുന്നു.

**ഫിലേ.8,9 :** "ആകയാൽ യുക്തമായതു നിന്നോടു കല്പിപ്പാൻ ക്രിസ്തുവിൽ എനിക്കു വളരെ ധൈര്യം ഉണ്ടെങ്കിലും പൗലൊസ് എന്ന വയസ്സനും ഇപ്പോൾ ക്രിസ്തുയേശുവിന്റെ ബദ്ധനുമായിരിക്കുന്ന ഈ ഞാൻ സ്നേഹം നിമിത്തം അപേക്ഷിക്കയത്രേ ചെയ്യുന്നതു."

**എഫെ.3:1 :** "അതുനിമിത്തം പൗലൊസ് എന്ന ഞാൻ ജാതികളായ നിങ്ങൾക്കുവേണ്ടി ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു."

**എഫെ.4:1 :** "കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നതു:"

**എഫെ.6:19,20 :** "ഞാൻ ചങ്ങല ധരിച്ചു സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായി തുറക്കുമ്പോൾ എനിക്കു വചനം നല്കപ്പെടേണ്ടതിന്നും ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിന്നും പ്രാർത്ഥിപ്പിൻ"

**ഫിലി.1:13 :** "എന്റെ ബന്ധനങ്ങൾ ക്രിസ്തുനിമിത്തമാകുന്നു എന്നു അകമ്പടി പട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവർക്കും തെളിവായി വരികയും സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു ദൈവത്തിന്റെ വചനം ഭയംകൂടാതെ പ്രസ്താവിപ്പാൻ അധികം തുനിയുകയും ചെയ്തിരിക്കുന്നു."

**കൊലൊ.4:34 :** "എനിക്കു ബന്ധനകാരണമായ ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിപ്പാൻ തക്കവണ്ണം ദൈവം ഞങ്ങൾക്കു വചനത്തിന്റെ വാതിൽ തുറന്നു തരികയും ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിനെ വെളിപ്പെടുത്തുകയും ചെയ്യേണ്ടതിന്നു ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ."

**2 തിമൊ.1:8 :** "അതുകൊണ്ടു നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധനായ എന്നെയും കുറിച്ചു ലജ്ജിക്കാതെ സുവിശേഷത്തിന്നായി ദൈവശക്തിക്കു ഒത്തവണ്ണം നീയും എന്നോടു കൂടെ കഷ്ടം സഹിക്ക."

യേശുക്രിസ്തുവിന്റെ അപ്പൊസ്തലൻ എന്നു പറയാതെ ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസ് എന്നു ഫിലേമോനു എഴുതുന്നു. ഇതിലൂടെ താൻ ഉദ്ദേശിക്കുന്നത് തനിക്കു ഇനി പറയുവാനുള്ളത് അപ്പൊസ്തലനെന്ന അധികാരത്തിലല്ല മറിച്ചു ക്രിസ്തുയേശുവിനായി ചങ്ങല ധരിച്ചു അദ്ധ്വാനിക്കുന്ന ഒരു ദൈവദാസൻ എന്ന നിലയിലാണ്. താൻ ഒനേസിമൊസ് എന്ന അടിമയ്ക്കുവേണ്ടി അപേക്ഷിക്കുവാൻ പോകുകയാണ്. താൻ റോമൻ തടവറയിൽ ക്രിസ്തുവിനുവേണ്ടി കഷ്ടപ്പെടുന്നതിനാൽ തന്റെ അപേക്ഷ ഫിലേമോൻ സ്നേഹത്തോടെ സ്വീകരിക്കും എന്നു കരുതുന്നു. അതായത് അധികാരത്തിലല്ല, ക്രിസ്തുവിന്റെ സ്നേഹത്തിലുള്ള യാചനയാണീ കത്ത്. ഫിലേമോനു പിതാവിനു തുല്യനാണ് പൗലൊസ്. ക്രിസ്തുവിൽ മകനെന്ന നിലയിൽ തന്റെ ബന്ധനം അനുകമ്പ ഉളവാക്കും എന്നു പൗലൊസ് ആശിക്കുന്നു. ഭൗതികമായി താൻ കൈകാൽ കെട്ടപ്പെട്ട അവസ്ഥയിൽ ഒന്നുമില്ലാത്തവനായി തടവറയ്ക്കുള്ളിലെങ്കിലും ഏറെ വചനനിശ്ചയവും, സംസാരിക്കുവാൻ പ്രാഗത്ഭ്യവും, അധികാരവുമുള്ള അപ്പൊസ്തലനായിരുന്നു പൗലൊസ്. എന്നാൽ താൻ തടവിൽ വെച്ചു സുവിശേഷം പറഞ്ഞു രക്ഷിക്കപ്പെട്ട ഒരു അടിമയ്ക്കുവേണ്ടി ഫിലേമോനോടു യാചനാരൂപത്തിൽ അപേക്ഷിക്കുകയാണ്. ക്രിസ്തുവിനുവേണ്ടിയുള്ള തന്റെ ശുശ്രൂഷയുടെ മാഹാത്മ്യമാണിവിടെ നാം കാണുന്നത്. അനവധി ലൗകികസമ്പത്തുകളുടെ ഉടമയും, ആൾബലവും, സ്വാധീനവും, അഭിമാനിക്കാൻ ഏറെ ലോകമഹിമയും ഉണ്ടായിരുന്ന തർസൊസുകാരനായ ശൗൽ എന്ന പൗലൊസ് ഇപ്പോൾ കാരാഗൃഹത്തിന്റെ ഉള്ളറയിൽ ഒന്നുമില്ലാത്തവനായി കഴിയുന്നു. അപ്പോഴും തനിക്കു സന്തോഷിക്കുവാനുള്ളത് ക്രിസ്തുവിലും ക്രിസ്തുവിനെ സേവിക്കുന്നതിലുമാണ്. ഗലാത്യവിശ്വാസികൾക്കെഴുതി ലേഖനം അവസാനിപ്പിക്കുമ്പോൾ ഇപ്രകാരം തന്റെ സന്തോഷം വ്യക്തമാക്കുന്നു --- "എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുതു; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാ.6:14).

പൗലൊസ് തന്റെ അപ്പൊസ്തലപദവിയും അധികാരവും ഉപയോഗിക്കാതെ ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസ് എന്നു ഫിലേമോനു എഴുതിയതിൽനിന്നും നമ്മുടെ വിശ്വാസജീവിതത്തിലും ഉൾക്കൊള്ളാനുള്ള അനേക പാഠങ്ങൾ ലഭിക്കുന്നു. ക്രിസ്തുവിലും ക്രിസ്തുയേശുവിന്റെ സേവയിലും ബദ്ധനായിരിക്കുന്നതിൽ നാം സന്തോഷിക്കണം. കർത്താവിനെ സേവിക്കുന്നതിൽ പലവിധ പ്രയാസങ്ങളും ദുഃഖങ്ങളും പ്രതികൂലതകളും നേരിടാം. വിശ്വാസവീരന്മാരായ ദൈവമക്കൾ കടന്നുപോയ വിവിധ ശോധനകൾ തിരുവെഴുത്തിലുടനീളം വിവരിച്ചിരിക്കുന്നു. അവർ സഹിച്ച കഷ്ടത, നിന്ദ, ഒറ്റപ്പെടുത്തൽ, പട്ടിണി, ആപത്ത്, രോഗം എന്നിവയെല്ലാം നമ്മെ ക്ഷീണിപ്പിക്കുവാനോ, തകർത്തു കളയുവാനോ ഉള്ള സന്ദേശമല്ല, മറിച്ചു അവർ അതൊക്കെയും സാരമില്ലെന്നു കരുതി ദൈവത്തിലും ദൈവസേവയിലും ഉറെച്ചു നിന്നു വിജയിക്കുവാൻ ഇടയായി എന്നുള്ള സന്ദേശമാണ് ലഭിക്കുന്നത്. ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുന്നതിൽ നാം സന്തോഷിക്കണം. എത്രതന്നെ ആത്മികസമ്പത്തും, വചനപരിജ്ഞാനവും ഉണ്ടെങ്കിലും നാം നമ്മെത്തന്നെ വിനയപ്പെടുത്തി ജീവിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ●

# ബലഹീനരെ ശക്തരാക്കുന്ന ദൈവകൃപ

സി.എച്ച്. സ്പർജൻ

> **ബലഹീനരെ എടുത്ത് തന്റെ ബലമേറിയ ശുശ്രൂഷക്കായി കർത്താവ് ഉപയോഗിക്കും. ശക്തന്മാർ ചിലപ്പോൾ ബലഹീനരാകും. സഭ ശക്തമാകണമെങ്കിൽ ഒരു യഥാർത്ഥ ആരംഭം വേണം. അതിനു ശ്രേഷ്ഠന്മാരെന്നു തോന്നുന്നവരെയല്ല വേണ്ടത്.**

"യാക്കോബിന്റെ ദൈവം എന്റെയും ദൈവം" എന്ന് ഒരാൾക്ക് പറയുവാൻ കഴിയുമെങ്കിൽ എത്ര അനുഗ്രഹിക്കപ്പെട്ടതും, മാധുര്യമേറിയതും, സ്നേഹം നിറഞ്ഞതുമായ ജീവിതമായിരിക്കും. യിസ്രയേലിലെ മധുരഗായകനായ ദാവീദ് ആയിരം വർഷങ്ങൾക്കു മുമ്പ് പറഞ്ഞിട്ടുള്ളതാണ് ഇതെങ്കിലും ഇന്നും അതിന്റെ മാധുര്യം കുറഞ്ഞുപോയിട്ടില്ല. മാത്രമല്ല അതിന്റെ പുതുമ എന്നും ദർശിക്കുവാൻ കഴിയും. എന്റേത്, എന്റേത് മാത്രം എന്നു പറയുമ്പോൾ അന്തരീക്ഷം മുഴുവനും അതിന്റെ ശോഭ തിങ്ങി നിറയുന്നതായി അനുഭവപ്പെടും. ഓരോരുത്തരുടേയും...... പിതൃദേശം എത്രയും വരണ്ടതും, ഫലമില്ലാത്തതുമാണെങ്കിലും എല്ലാവരും അതിനെ അതിരറ്റു സ്നേഹിക്കുന്നു. നാം ജനിച്ചു വളർന്ന ഭവനത്തെക്കുറിച്ചുള്ള ഓർമ്മ നിരന്തരം നമ്മെ പിന്തുടരും. ശൈശവകാലത്ത് മാതാപിതാക്കളുടെ സ്നേഹതണലിൽ വളർന്നത് ഓർക്കാതിരിക്കുകയില്ല. "പിതാവ്" എന്ന പേര് എപ്പോഴും വെള്ളിപോലെ ശോഭയേകുന്നതാണ്. നമ്മുടെ കുട്ടികൾ, സഹോദരന്മാർ ഇതെല്ലാം നമ്മെ ഏറെ സന്തോഷിപ്പിക്കുന്നു.

എബ്രായ ഭാഷയിലുള്ള ദൈവവചനം യവനഭാഷയിലേയ്ക്കും, അതുപോലെ ലോകത്തിലെ ഇതരഭാഷകളിലേയ്ക്കും ലഭിച്ചു എന്നത് എത്രയോ ആശ്ചര്യം ആണ്. മാത്രമല്ല നിത്യനിയമത്താൽ "ദൈവം നമ്മുടെ ദൈവം" എന്നു പറയുവാൻ കഴിഞ്ഞത് സ്വർഗ്ഗീയ അനുഗ്രഹം തന്നെയാണ്. ദൈവം നമ്മെ അനുഗ്രഹിക്കും! നാശകരമായ സ്ഥാനത്തു നിന്നും ദൈവം നമ്മെ തെരഞ്ഞെടുത്തു. നമ്മുടെ ദൈവത്തിൽ നമുക്ക് ആശ്രയിക്കാം, സ്നേഹിക്കാം. ഭയപ്പെടുത്തുന്ന ഇരുണ്ട രാത്രികളിൽ ദൈവത്തോടുകൂടി നിർഭയം വസിക്കാം. മരണത്തിൽ നമ്മെ ആശ്വസിപ്പിക്കുകയും, താങ്ങുകയും ചെയ്യുന്നതാണ് നിത്യതയിൽ നമ്മുടെ മഹത്വം. നമ്മുടെ വഴിയിൽ വേണ്ട സ്വർഗ്ഗീയ ജ്ഞാനം ദൈവം തരുന്നു. നമ്മുടെ കാൽച്ചുവടുകളെ സൂക്ഷിക്കുന്നു. ദൈവസ്നേഹം നമ്മുടെ ജീവിതത്തിനു ആശ്വാസം തരുന്നു. ലോകത്തിലെ സകല മനുഷ്യരേക്കാളും ശ്രേഷ്ഠരായി നിന്നുകൊണ്ടു പറയാം "യഹോവ നമ്മുടെ മാത്രം ദൈവം".

"ദൈവം നമ്മെ അനുഗ്രഹിക്കും" അതു വിശ്വസനീയവും, സത്യവുമാണ്. നമ്മുടെ ദൈവം നമ്മെ അനുഗ്രഹിക്കും. ദൈവത്തിന്റെ അതിരറ്റ കൃപയാൽ ഇങ്ങനെ പറയാം "ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവുമായിരിക്കും".

വിശ്വാസികളെ ക്ഷീണിപ്പിക്കുന്ന മറ്റൊരു വസ്തുതയാണ് ഭയം – സ്ഥാനത്തും അസ്ഥാനത്തും കടന്നുവന്ന് ബുദ്ധിമുട്ടുണ്ടാക്കുന്നു. വിശ്വാസത്തിന്റെ ഉൾമുറിയിലും ഭയം ചിലപ്പോൾ കടന്നുവന്നു എന്നുവരാം. പ്രത്യാശയ്ക്കു ഭംഗം വരുത്തുവാൻ ഭയം ശ്രമിക്കും. ചിലപ്പോൾ നമ്മോടു തന്നെ ചോദിക്കും – "ദൈവം വാസ്തവമായി അനുഗ്രഹിക്കുമോ"? ദൈവത്തിന്റെ കരങ്ങൾ പിൻവലിക്കില്ലേ? പ്രത്യാശയുടെ അനേകം കിരണങ്ങൾ നമുക്കു കാണുവാൻ കഴിയുമെങ്കിലും ചിലപ്പോൾ അവ നമ്മിൽ നിന്നും മുങ്ങിപ്പോകുവാൻ സാധ്യതയുണ്ട്. ആകാശത്ത് കാർമേഘങ്ങൾ കാണുമ്പോൾ ഉണങ്ങിവരണ്ട കൃഷിഭൂമികൾ സമൃദ്ധിയായി വിളയും എന്നു തോന്നും. എന്നാൽ ചിലപ്പോൾ തക്കസമയത്ത് മഴ ലഭിച്ചില്ല എന്നുവരാം. ദൈവീക വാഗ്ദത്തങ്ങൾ ലഭിക്കാതെ പോകയില്ല. എന്നാൽ അതിനു ദൈവം നിശ്ചയിച്ച സമയമുണ്ട്. അത് ഒരിക്കലും മുമ്പിലോട്ടോ, പിറകിലേയ്ക്കോ പോകയില്ല "തീർച്ചയായും ദൈവം നമ്മെ അനുഗ്രഹിക്കുക തന്നെ ചെയ്യും".

കർത്താവ് അനുഗ്രഹിക്കുന്നത് കൂട്ടങ്ങളുടെ എണ്ണം നോക്കിയല്ല. ദൈവത്തിന്റെ ശുശ്രൂഷകനായ ഗിദയോനെ നോക്കുക. മിദ്യാന്യർക്ക് എതിരെ ഗിദയോൻ എങ്ങനെയാണ് പോരാടിയത്? അനേകായിരങ്ങളെ കൊണ്ടല്ല കാരണം സ്വർഗ്ഗീയ ദൈവത്തിന് അത് അധികമാണ്. ചെറിയ ഒരു കൂട്ടം. ആയുധങ്ങളൊന്നുമില്ല. ഉടയുന്ന മൺകുടവും, ജ്വലിക്കുന്ന തീപ്പന്തവും, കാഹളധ്വനിയും. ഈ നിസ്സാരമെന്നു തോന്നുന്ന വസ്തുക്കളെക്കൊണ്ട് ഗിദയോൻ ശത്രുനിരയെ ഒന്നൊഴിയാതെ എല്ലാവരേയും തോൽപ്പിച്ച് ഓടിച്ചുകളഞ്ഞു. സർവ്വശക്തനായ ദൈവത്തിന് ഉപകരണങ്ങൾക്ക് ക്ഷാമമില്ല. കടലിലെ മണൽതരി കൊണ്ട് വേണമെങ്കിൽ ലോകമെങ്ങും സുവിശേഷം കേൾപ്പിക്കാം. കല്ലുകളും പ്രസംഗകരാകും. വൃക്ഷങ്ങളിൽ കാറ്റത്ത് തുള്ളിക്കളിക്കുന്ന ലതാദികളെ സുവിശേഷ വ്യാപ്തിക്കായി ഉപയോഗിക്കാം. ആദ്യത്തേതും, അവസാനത്തേതുമായ വാക്കുകൾ ഉപകരണങ്ങളല്ല. ബലഹീനരെ എടുത്ത് തന്റെ ബലമേറിയ ശുശ്രൂഷക്കായി കർത്താവ് ഉപയോഗിക്കും. ശക്തന്മാർ ചിലപ്പോൾ ബലഹീനരാകും. സഭ ശക്തമാകണമെങ്കിൽ ഒരു യഥാർത്ഥ ആരംഭം വേണം. അതിനു ശ്രേഷ്ഠന്മാരെന്നു തോന്നുന്നവരെയല്ല വേണ്ടത്. എതിർപ്പുകൾ വരട്ടെ ശക്തമായി മുന്നേറുക തന്നെ ചെയ്യും. നാം ഭയപ്പെടേണ്ടതില്ല. നമ്മുടെ ദൈവം ധാരാളം കൃപകളാൽ അനുഗ്രഹിക്കും. കർത്താവിന്റെ ശിഷ്യന്മാരെല്ലാവരും തന്നെ വലിയ വിദ്യാഭ്യാസമില്ലാത്തവരായിരുന്നു. ദൈവകൃപ അവരുടെമേൽ വ്യാപരിച്ചപ്പോൾ ശക്തമായ റോമാസാമ്രാജ്യത്തിൽ ദിക്കോടുദിക്ക് സുവിശേഷത്തിന്റെ ശക്തികൊണ്ട് ഇളക്കിമറിക്കുവാൻ കഴിഞ്ഞു! അനേകം മാനുഷീക വിഗ്രഹങ്ങൾ നിലം പതിച്ചു. അതേ ശക്തിയേറിയ വിശ്വാസമാണ് ഇന്ന് ദൈവമക്കളിൽ വ്യാപരിക്കുന്നത്. ദൈവഹിതവും, ശക്തിയും വ്യാപരിക്കുമ്പോൾ ബലഹീനരെന്ന് തോന്നുന്നവർ ശത്രുനിരയെ തകർത്ത് മുന്നേറുവാനുള്ള ബലമുള്ളവർ തന്നെ ആയിരിക്കും. ഭാവി ഇരുളടഞ്ഞതും, ഭയം ഉണ്ടാക്കുന്നതുമായ തിന്മയുടെ തലമുറ എതിർക്രിസ്തുവിന്റെ കൈകളിൽ നിന്നു മോചിതരാകണം. കാലത്തിനുമുമ്പേ സഭയെ സ്നേഹിച്ചവൻ നമ്മെ കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല. ഗലീലക്കടലിൽ പടകിലുണ്ടായിരുന്ന ശിഷ്യന്മാർ പ്രതികൂലമായ കാറ്റുകൊണ്ടും, തിരമാലകൾ കൊണ്ടും ആടി ഉലഞ്ഞ് മുങ്ങുമാറായപ്പോൾ രാത്രിയുടെ നാലാം യാമത്തിൽ കടലിനെയും, കരയേയും സൃഷ്ടിച്ചവൻ വെള്ളത്തിന്റെമീതെ നടന്നു വന്നു രക്ഷിച്ചു. കർത്താവിന്റെ വാക്കിൽ കടലും തിരമാലയും ശാന്തമാകും. നമ്മുടെ ഭയം ദൂരെക്കളയുക. ദൈവത്തിന്റെ ഭക്തന്മാരുടെ ചുറ്റും സാത്താൻ വട്ടമിട്ടു പറക്കുമ്പോൾ ഇമ്മാനുവേലായ ദൈവം നമ്മോടുകൂടെയുണ്ട്. ഒരിക്കലും കർത്താവ് നമ്മെ ഉപേക്ഷിക്കയുമില്ല. ശത്രുവിന്റെ കയ്യിൽ ഏല്പിക്കയുമില്ല. കാരണം ദൈവം തന്നെ നമ്മോടു കൂടിയുണ്ട്.

നമ്മുടെ കാലടികൾക്ക് വേഗതയേറും. കണ്ണുകൾ കഴുകന്റെ കണ്ണുകൾ പോലെ അകലെ കാഴ്ചയുള്ളതും, പ്രകാശിതവുമായിരിക്കും. ഹൃദയം പ്രത്യാശ കൊണ്ടു നിറയും. സ്വർഗ്ഗീയ അനുഗ്രഹം അനുഭവിക്കുന്നവരാകും. ദൈവം തന്റെ ജനത്തെ അനുഗ്രഹിക്കുമ്പോൾ അതോടുകൂടെ സ്വർഗ്ഗത്തിലെ

ശേഷം 6-ാം പേജിൽ

1-ാം പേജ് തുടർച്ച

# ദൈവസൃഷ്ടിയായ മനുഷ്യനും മനുഷ്യസൃഷ്ടിയായ മതവും

കൊല്ലപ്പെടുകയും മൂന്നാംനാൾ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും (മത്താ. 16:21; മർക്കൊ. 10:34) എന്ന് മുന്നറിയിച്ചിരുന്നു. തുടർന്ന് യേശു ശിഷ്യന്മാരോട് "നാം യെരൂശലേമിലേക്ക് പോകുന്നു; പ്രവാചകന്മാർ എഴുതിയിരിക്കുന്നത് എല്ലാം നിവർത്തിയാകും. അവനെ ജാതികൾക്ക് (റോമാപടയാളികൾക്ക്) ഏല്പിച്ചുകൊടുക്കും. അവർ അവനെ പരിഹസിച്ചും അപമാനിച്ചും തുപ്പിയും തല്ലിയും കൊല്ലുകയും ചെയ്യും. എന്നാൽ മൂന്നാംനാൾ (ഞാൻ) ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും" (ലൂക്കൊ. 18:31–33) എന്നും പറഞ്ഞിരുന്നു.

ആയിരം ആണ്ടുകൾക്കും അപ്പുറത്ത് പ്രവചാകന്മാർ രേഖപ്പെടുത്തിയതുപോലെ ബേത്‌ലഹേമിൽ ജനിച്ച്, കാൽവറിക്രൂശിൽ മരിച്ച്, മരിച്ചവരിൽ നിന്നും മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ്, നാല്പത് നാൾ അനേകർക്ക് പ്രത്യക്ഷപ്പെട്ട്, സ്വർഗ്ഗാരോഹണം ചെയ്ത യേശുക്രിസ്തു ക്രൂശിൽ ചിന്തിയ തിരുനിണം മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരമായി തീർന്നു. ദൈവത്തിന്റെ പുത്രനായ യേശുവിന്റെ രക്തം തന്നിൽ വിശ്വസിക്കുന്ന സകലമനുഷ്യരുടെയും പാപം പോക്കി ശുദ്ധീകരിക്കും (1 യോഹ. 1:7).

**യേശുവിന്റെ പരസ്യപ്രസ്താവന :**

"ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ (സ്വർഗ്ഗത്തിൽ) എത്തുന്നില്ല" (യോഹ. 14:6). ഒന്നുകിൽ യേശു പറഞ്ഞത് കള്ളം, അല്ലെങ്കിൽ സത്യം. യേശു നുണ പറയും എന്ന് വിവേകമുള്ള ആരും വിശ്വസിക്കുകയില്ല. ടി.വി. ചാനലുകളിൽ ചർച്ചകൾക്കിടയിൽ രാഷ്ട്രീയ നേതാക്കൾ അന്യോന്യം ചെളിവാരി എറിയുന്ന കൂട്ടത്തിൽ പച്ചക്കള്ളം, നട്ടാൽ കുരുക്കാത്ത നുണ എന്നൊക്കെ പറയാറുണ്ട്. എന്നാൽ ഇന്നുവരെ യേശുവിനെക്കുറിച്ച് ഒരു ചെറുതെറ്റും ചൂണ്ടിക്കാണിക്കുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. കഴിയുകയുമില്ല. യേശുവിനെ ക്രൂശിൽ തറച്ചു കൊല്ലുവാൻ വിധി കല്പിച്ച ജഡ്ജി പീലാത്തോസ്, "ഞാൻ ഈ മനുഷ്യനിൽ കുറ്റം ഒന്നും കാണുന്നില്ല" എന്ന് പറഞ്ഞാണ് വിധിച്ചത് (ലൂക്കൊ. 23:4). യേശുവിനെ ശത്രുക്കൾക്ക് കാണിച്ചുകൊടുത്ത യൂദാ "കുറ്റമില്ലാത്ത രക്തത്തെ ഞാൻ കാണിച്ചുകൊടുത്തു" എന്ന് പറഞ്ഞാണ് തൂങ്ങിച്ചത്തത് (മത്താ. 27:3–9). യേശുവിന്റെ മരണം കണ്ടുനിന്ന ശതാധിപനും കൂടെനിന്നവരും "യേശു സാക്ഷാൻ ദൈവപുത്രനായിരുന്നു സത്യം" എന്ന് പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തി (മത്താ. 27:54). മൂന്നരവർഷം യേശുവിനോടുകൂടെ നടന്ന് യേശുവിനെ അനുഭവിച്ചറിഞ്ഞ യോഹന്നാനും പത്രൊസും ഗുരുവിനെക്കുറിച്ച് എഴുതി: യേശുവിൽ പാപമില്ല, യേശുവിന്റെ വായിൽ വഞ്ചന ഒന്നുമില്ല. പണ്ഡിതവരേണ്യനായ പൗലൊസ് ഇപ്രകാരം എഴുതി : "യേശു പാപം അറിഞ്ഞിട്ടില്ല" (1 യോഹ. 3:6; 1 പത്രൊ. 2:22; 2 കൊരി. 5:21).

**മഹാന്മാരുടെ സാക്ഷ്യങ്ങൾ :**

"അഹിംസയുടെ തത്വം യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിലാണ് ഞാൻ കണ്ടത്. അത് എന്നെ ആനന്ദിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു" – മഹാത്മാഗാന്ധി.

"ക്രിസ്തുവിന്റെ പ്രബോധനങ്ങളാണ് സാന്മാർഗ്ഗികവും വിവേക സമ്പന്നവുമായത്"–രാജാറാം മോഹൻറോയ്.

ഭൂലോകത്തിൽ ഏത് മനുഷ്യനെക്കുറിച്ച് ഇങ്ങനെ സാക്ഷ്യപ്പെടുത്തുവാൻ കഴിയും? ഇതുപോലെ ഒരു അത്ഭുത പുരുഷൻ വേറെയുണ്ടോ?

"എന്തോരത്ഭുത പുരുഷൻ ക്രിസ്തു തന്റെ മഹിമ നിസ്തുലം ഇത്ര മഹാനായ് ഉത്തമനാകുമൊരുത്തനെ ഉലകിൽ കാണുമോ..." എന്ന് ഭക്തകവി ടി.കെ. ശാമുവേൽ പാടുകയുണ്ടായി.

ഇതുപോലെ എത്രയെത്ര മഹാന്മാർ യേശുക്രിസ്തുവിന്റെ മഹത്വം വെളിപ്പെടുത്തിയിട്ടുണ്ട്. "യേശു സത്യദൈവവും നിത്യജീവനും ആകുന്നു" (1 യോഹ. 5:20). ഈ യേശുവിനെ കർത്താവായി ഹൃദയത്തിൽ സ്വീകരിച്ച് സ്വർഗ്ഗത്തിന്റെ അവകാശികളായിത്തീരുവാൻ അഖിലാണ്ഡമണ്ഡലം അണിയിച്ചൊരുക്കിയ സർവ്വേശ്വരൻ കൃപ അരുളുമാറാകട്ടെ.

**മനുഷ്യസൃഷ്ടിയായ മതം ഒരു മഹത്തായ ഇതിഹാസം :**

മതം എന്ന പദത്തിന്റെ പ്രഥമവും പ്രധാനവുമായ അർത്ഥം അഭിപ്രായമെന്നാണ് (ശബ്ദതാരാവലി). ഇതുകൂടാതെ അറിവ്, വിശ്വാസം, ഇഷ്ടം, സമ്മതം, ധർമ്മം, നിരപ്പിക്കൽ എന്നൊക്കെയാണ് പര്യായങ്ങൾ. "മതം ഇല്ലാത്ത ജീവിതം കപ്പിത്താനില്ലാത്ത കപ്പൽപ്പോലെ" എന്നാണ് മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളത്. ലോകമാകുന്ന സമുദ്രത്തിൽ മതമാകുന്ന കപ്പൽ നയിക്കുവാൻ കപ്പിത്താൻ വേണം. ഓരോ മതങ്ങളെയും നടത്തുവാൻ കഴിയുന്ന കപ്പിത്താന്മാർ സുലഭം. മതം മനുഷ്യനെ മയക്കുന്ന കറുപ്പ് എന്ന് കാറൽ മാർക്സും, മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചുവെന്ന് വയലാറും, യുക്തിയില്ലാത്ത യുക്തിവാദികൾ ദൈവവും മതവും മിഥ്യയാണ് എന്നും, മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്ന് ഗുരുസ്വാമിയും പറഞ്ഞിട്ടുണ്ട്. നന്നാകുവാനുള്ള മാർഗ്ഗമാണ് ആരും പറയാത്തത്. മനുഷ്യർ നാൾക്കുനാൾ ചീത്തയാകുകയാണ്. അഴിമതിയും അക്രമവും മനുഷ്യരെ കീഴടക്കിക്കഴിഞ്ഞു. ആയിരക്കണക്കിന് മതങ്ങൾ ലോകത്തിലുണ്ട്. ഏത് മതമാണ് ശരി എന്നാർക്കും പറയുവാൻ കഴിയുന്നില്ല. ഓരോ മതവിശ്വാസികളും ഞങ്ങളുടെ മതമാണ് ശരി എന്ന് പറയും. ക്രിസ്തുമതം ഉൾപ്പെടെ എല്ലാ മതങ്ങളും ഒരുപോലെയാണ്. മതങ്ങളെ വിമർശിച്ചും നിന്ദിച്ചും വ്രണപ്പെടുത്തുന്നത് ശരിയല്ല. അന്യോന്യം മാനിച്ചും സ്നേഹിച്ചും സഹകരിക്കുന്നതാണ് ഉത്തമം. മതങ്ങൾ മനുഷ്യ സൃഷ്ടിയാണ്. ദൈവത്തിന് മതമില്ല. എല്ലാവരും തുല്യമനുഷ്യരാണ്. മതത്തെക്കാൾ വലിയത് മനുഷ്യരാണ്.

**ക്രിസ്തുമതം എന്ന് രൂപപ്പെട്ടു?**

ഏഴ് മലകളാൽ ചുറ്റപ്പെട്ട ലോകത്തിലെ ഏറ്റവും സുന്ദരസാമ്രാജ്യമായിരുന്നു പുരാതനകാലത്തെ റോമാസാമ്രാജ്യം. അക്കാലത്തെ ചക്രവർത്തിമാരുടെ ഭരണകാലത്ത് ക്രിസ്ത്യാനികൾക്ക് മഹാപീഡനം നേരിട്ടു. അനേകർ വാളിനാൽ അറുക്കപ്പെട്ടു. ആയിരങ്ങളെ അഗ്നിയിൽ ചുട്ടെരിക്കുകയും ചെയ്തു. എ.ഡി. 340 നോടടുത്ത് ഭരണത്തിലിരുന്ന കോൺസ്റ്റന്റൈൻ ചക്രവർത്തിക്ക് മാനസാന്തരം ഉണ്ടാകുകയും ക്രിസ്തുവിനെ ദൈവമായി അംഗീകരിക്കുകയും ചെയ്തു. പിന്നീട് ക്രൈസ്തവർക്ക് വലിയ ഉപദ്രവം ഒന്നും ഉണ്ടായില്ല. തുടർന്ന് വന്ന ചക്രവർത്തിമാർ റോമാ, ബാബിലോൺ മുതലായ മതങ്ങളിൽ നിന്നും ആചാരാനുഷ്ഠാനങ്ങൾ കടമെടുത്തുണ്ടാക്കിയതാണ് ക്രിസ്തുമതം. ക്രിസ്തുവും ക്രിസ്തുമതവും തമ്മിൽ ഒരു ബന്ധ

ശേഷം 5-ാം പേജിൽ

## ദൈവസൃഷ്ടിയായ മനുഷ്യനും മനുഷ്യസൃഷ്ടിയായ മതവും

4-ാം പേജ് തുടർച്ച

വുമില്ല. മറ്റ് മതങ്ങളിൽ നിന്ന് സാരമായ വ്യത്യാസവുമില്ല. മരിച്ച വ്യക്തിയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥനകളും മറ്റ് ക്രിയകളും ചെയ്തുവരുന്നു. "ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും" എന്നാണ് ബൈബിൾ പറയുന്നത് (എബ്രാ. 9:27). മനുഷ്യൻ ജീവിച്ചിരിക്കുമ്പോഴാണ് ആത്മരക്ഷ പ്രാപിക്കേണ്ടത്. മരണശേഷം മനുഷ്യാത്മാവിന് സ്വർഗ്ഗം നേടുവാൻ കഴിയുന്നതല്ല (ലൂക്കൊ. 16:19–31). ക്രിസ്തു മതസ്ഥാപകനല്ല. കപടഭക്തിക്കാരായ ശാസ്ത്രിമാരുടെയും പരീശന്മാരുടെയും മുഖത്തുനോക്കി ലോകത്തിൽ ആദ്യം മതത്തിനെതിരായി പ്രതികരിച്ചത് യേശുക്രിസ്തുവാണ് (മത്താ. 23:14,15). ക്രിസ്തു മതത്തിനതീതനാണ്.

**ക്രിസ്തു സ്ഥാപിച്ചത്, ക്രിസ്തുസഭയെയാണ് :**

പത്രൊസ് എന്ന പാറയിലാണ് ക്രിസ്തു സഭയെ പണിതത് എന്ന് ചില ക്രൈസ്തവ സമുദായങ്ങൾ വിശ്വസിക്കുന്നു. ക്രിസ്തു അങ്ങനെ പറഞ്ഞിട്ടില്ല. "നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (മത്താ. 16:18) എന്നാണ് കർത്താവ് പറഞ്ഞത്. പത്രൊസ് എന്നതിന് ഗ്രീക്കിൽ (പെട്രാസ്) പാറക്കഷണം (കല്ല്) എന്നാണർത്ഥം. പത്രൊസ് തന്റെ ലേഖനത്തിൽ "ജീവനുള്ള കല്ലുകൾ" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (1 പത്രൊ. 2:5). പാറ എന്നതിന് ഗ്രീക്കിൽ പെട്ര എന്നാണ്. ദൈവത്തെ പാറ എന്ന് ധാരാളം പ്രാവശ്യം ബൈബിളിൽ കാണാം (ആവർ. 32:4, 18; യെശ. 26:4, 44:8; പുറ. 17:6), യേശുക്രിസ്തുവിനെക്കുറിച്ചാണ് ഈ ഭാഗങ്ങളിൽ പാറ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. 1കൊരി. 10:1–4 വരെയുള്ള വാക്യങ്ങളിൽ "ആ പാറ ക്രിസ്തു ആയിരുന്നു" എന്നും വായിക്കുന്നു. ആകയാൽ ക്രിസ്തു തന്റെ സഭയെ പണിതിരിക്കുന്നത് യുഗങ്ങളുടെ ഉറപ്പുള്ള പാറയായ ക്രിസ്തുവിൽ തന്നെയാണ്. അതുകൊണ്ടാണ് പാതാളഗോപുരങ്ങൾ (സാത്താന്യശക്തികൾ) ദൈവസഭയെ ജയിക്കയില്ല എന്ന് കർത്താവ് പറഞ്ഞത്. പത്രൊസാകുന്ന പാറത്തുണ്ടിന്മേൽ ക്രിസ്തു തന്റെ സഭയെ പണിതിരുന്നുവെങ്കിൽ പണ്ടേ സഭ പൊളിഞ്ഞു പോകുമായിരുന്നു.

യേശുക്രിസ്തുവിന്റെ മാർമ്മിക ശരീരമായ ദൈവസഭയിൽ അംഗങ്ങളെ ചേർക്കുവാൻ ഒരു മനുഷ്യനെയും യേശുക്രിസ്തു ഏർപ്പെടുത്തിയിട്ടില്ല. പാപം ഏറ്റുപറഞ്ഞ് യേശുവിനെ ഹൃദയത്തിൽ കർത്താവായി സ്വീകരിക്കുന്നവരെയാണ് കർത്താവ് തന്റെ ശരീരമായ സഭയോട് ചേർക്കുന്നത് (അപ്പൊസ്തല പ്രവൃത്തികൾ 2:47). ദൈവസഭയ്ക്ക് മദ്ധ്യസ്ഥന്മാരോ മദ്ധ്യസ്ഥകളോ ഇല്ല. ഏകമദ്ധ്യസ്ഥൻ ക്രിസ്തു മാത്രം (1 തിമൊഥെയൊസ് 2:5,6). ദൈവത്തിന് ഭൂരിപക്ഷമില്ല "ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടേണ്ട" എന്നാണ് യേശു പറഞ്ഞത് (ലൂക്കൊസ് 12:32).

**ദൈവസഭയുടെ പ്രത്യേകതകൾ :**

- **ക്രിസ്തു മാത്രം നായകൻ (നേതാവ്) :** "നിങ്ങൾ എല്ലാവരും സഹോദരന്മാർ". നിങ്ങൾ നായകന്മാർ എന്നും പേരെടുക്കരുത്; ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നേ" (മത്താ. 23:9,10).
- **സ്വർഗ്ഗം മാത്രം കേന്ദ്രം :** ക്രിസ്തുവിശ്വാസികളുടെ "പൗരത്വം സ്വർഗ്ഗത്തിലാകുന്നു" (ഫിലി. 3:20). ഇവിടെയുള്ള പൗരത്വം താൽക്കാലികം മാത്രം.
- **ബൈബിൾ മാത്രം ഭരണഘടന :** "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയം" (2 തിമൊഥെ. 3:16). ബൈബിളൊഴികെ മറ്റൊരു ഗ്രന്ഥവും സഭയ്ക്ക് സ്വീകാര്യമല്ല. ●

## ബൈബിൾ ക്യാമ്പ് കട്ടപ്പന മേഖല അനുഗ്രഹമായി സമാപിച്ചു

**ചിത്തിരപുരം :**

ചില നാളുകളായി അനേകം ദൈവജനം പ്രാർത്ഥിച്ചുവന്ന ഹൈറേഞ്ച് ഡിവിഷൻ വൈ.എം.ഇ.എഫ്. നേതൃത്വം നൽകിയ ബൈബിൾ ക്യാമ്പ് (കട്ടപ്പന മേഖല ബ്രദറൺ സംഗമം) ഡിസംബർ 27, 28 തീയതികളിൽ കട്ടപ്പനയിൽ വച്ച് വളരെ അനുഗ്രഹീതമായി നടത്തപ്പെടുകയുണ്ടായി. ഈ വർഷത്തെ രണ്ടാമത്തെ ബൈബിൾ ക്യാമ്പാണ് കട്ടപ്പനയിൽ വച്ച് നടത്തപ്പെട്ടത്.

32 പ്രാദേശിക ബ്രദറൺ സഭകളിൽ നിന്നായി 270 ഓളം സഹോദരീ – സഹോദരന്മാരും കുട്ടികളും ഈ ദ്വിദിന ക്യാമ്പിൽ സംബന്ധിച്ചു. കട്ടപ്പന മേഖലയിലെ പ്രാദേശിക ബ്രദറൺ സഭകൾ എല്ലാ അർത്ഥത്തിലും സമ്പൂർണ്ണ സഹകരണം നൽകി.

ആത്മീക ഉണർവിനും ദൈവമക്കളുടെ കൂട്ടായ്മക്കും ദൈവവചന പഠനത്തിന്റെ സമൃദ്ധിക്കും ഉതകുന്ന രണ്ട് ദിനങ്ങളായിരുന്നു ഈ ബ്രദറൺ സംഗമം.

കർത്തൃദാസൻ എം.കെ. സണ്ണി ആൻഡമൻസ് പ്രധാന തീം ആയ "വചനം പ്രവർത്തിക്കുന്നവരായിരിപ്പിൻ" (യാക്കോബ് 1:2) എന്ന ദൈവവചനത്തെ ആസ്പദമാക്കി അനുഗ്രഹീതമായ ദൈവീക ആലോചന കൂടി വന്നവർക്ക് പകർന്നു നൽകി. കൂടാതെ

| | | |
|---|---|---|
| **ക്യാരക്ടർ സ്റ്റഡി** | : | **ആർ. സോമൻ, കമ്പിളികണ്ടം** |
| | | **എം.കെ. സണ്ണി, ബാലഗ്രാം** |
| **സുവിശേഷകൻമാരുടെ സമ്മേളനം** | : | **കെ.വി. ജോസ്, ഹെലിബറിയ** |
| **യുവസംഗമം** | : | **ഇ.എസ്. ബാബു, മലയിൽപുതുവൽ** |
| **അനുഭവസാക്ഷ്യം** | : | **ഗോഡ്‌ലി മാത്യു, പുല്ലാട്** |
| **സോദരീസംഗമം** | : | **ഓമന ചാണ്ടപ്പിള്ള, കോട്ടയം** |
| **ബൈബിൾ ക്വിസ്** | : | **ഷിജോ സെബാസ്റ്റ്യൻ, ഉപ്പുതറ** |
| **ടാലന്റഡ് ടൈം** | : | **കെ.വി. പൗലോസ്, രാജകുമാരി** |
| **ബാലസംഗമം** | : | **സിബി വിശ്വനാഥൻ, തൃശ്ശൂർ** |


എന്നിവരെ കൂടിവന്ന ദൈവജനത്തിന് അനുഗ്രഹീതമായ നിലയിൽ ഉപയോഗിച്ചു എന്നത് ദൈവനാമമഹത്ത്വത്തിനായി എടുത്തു പറയേണ്ട ഒന്നാണ്.

ഈ ക്യാമ്പിൽ പങ്കെടുത്തവർ അനുഭവിച്ച വചനസമൃദ്ധി അനുദിന പ്രായോഗിക ജീവിതത്തിൽ നിലനിർത്തുവാൻ ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥന ചോദിക്കുന്നു. തുടർന്നും വൈ.എം.ഇ.എഫ്. ന്റെ തുടർപ്രവർത്തനങ്ങളേയും ഓർത്ത് ദൈവജനം പ്രാർത്ഥിക്കണമേ.....

**പ്രസിഡന്റ്, ഷാജഹാൻ വി. ഹസ്സൻ**

**സെക്രട്ടറി, ബിജു മാത്യു**

# മഹത്വത്തിൽ



**ബാംഗ്ലൂർ :** സഹോ. **തോമസ് രാജൻ (91)** ജനുവരി 17 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതികശരീരം ജനുവരി 23 ന് ബാംഗ്ലൂർ ബെഥേൽ അസ്സംബ്ലി ഹാളിലെ ശുശ്രൂഷകൾക്ക്ശേഷം ഹൊസൂർറോഡിലുള്ള ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു. താൻദീർഘകാലം സ്റ്റീവാർഡ് അസോസിയേഷൻ ഇൻ ഇൻഡ്യയുടെ ചെയർപേഴ്സണായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**അടൂർ :** നിത്യതയിലായിരിക്കുന്ന സഹോ. പി.ഡി. സാമുവലിന്റെ സഹധർമ്മിണി **തങ്കമ്മ സാമുവേൽ (94)** ജനുവരി 16 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 19 ന് എം.സി.എ. ഹാളിൽ അടൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. സുവി. ജോൺസൺ സാം അടൂർ തന്റെ മകനാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മുണ്ടുകോട്ടക്കൽ, പത്തനംതിട്ട :** നിത്യതയിലായിരിക്കുന്ന സഹോ. ജോസഫ് തോമസിന്റെ സഹധർമ്മിണി **കുഞ്ഞമ്മ തോമസ് (97)** ജനുവരി 17 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 21 ന് മുണ്ടുകോട്ടക്കൽ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കാരക്കാട്, ചെങ്ങന്നൂർ :** നിത്യതയിലായിരിക്കുന്ന കൃഷ്ണൻ കുട്ടിയുടെ സഹധർമ്മിണി **ലീലാമ്മ കെ.കെ. (85)** ജനുവരി 20 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 23 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം സംസ്കരിച്ചു. സുവി. സലിംകുമാർ എസ്.കെ. തന്റെ മകനാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പത്തനാപുരം :** സഹോ. **ജോർജ് ജേക്കബ് (61)** ജനുവരി 18 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 25 ന് കലഞ്ഞൂർബ്രദറൺ ക്രിസ്ത്യൻ ചർച്ച് ഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കുന്നംകുളം :** സഹോദരൻ **വിൽസൺ കെ.പി. (71)** ജനുവരി 22 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 28ന് അടുപ്പൂട്ടി ബ്രദറൺ സഭയുടെ ശുശ്രൂഷകൾക്ക്ശേഷം കുന്നംകുളം നാഗൽ ഗാർഡൻസ് ബറിയൽ ഗ്രൗണ്ടിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**തിരുമല, തിരുവനന്തപുരം :** നിത്യതയിലായിരിക്കുന്ന സഹോ. എൽ. ജോസഫിന്റെ സഹധർമ്മിണി **ഡൊറോത്തി ജോസഫ് (78)** ജനുവരി 22 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 24 ന് തിരുമല ബ്രദറൺ അസ്സംബ്ലിഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



കവിയൂർ, തിരുവല്ല: സഹോദരൻ **വർക്കി പോത്തൻ (78)** ജനുവരി 23 ന്നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 26 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം ആഞ്ഞിലിത്താനം ബ്രദറൺസഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മഴുക്കീർ, കല്ലിശ്ശേരി :** സഹോദരൻ എം.വി. തോമസിന്റെ സഹധർമ്മിണി **മേരി തോമസ് (83)** ജനുവരി 23 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 25 ന് മഴുക്കീർ ബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**തിരുമൂലപുരം, തിരുവല്ല:** സഹോ. **കെ.എ. രാജൻ** ജനുവരി 26 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 29 ന് മഴുക്കീർ ബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. സുവി. രഞ്ജി രാജൻ തന്റെ മകനാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**വയലാ, അടൂർ :** സഹോ. എം. ദാവീദിന്റെ സഹധർമ്മിണി **സാറാമ്മദാവീദ്** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 28 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം അടൂർ പരുത്തപ്പാറ ഹെബ്രോൻ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**എറണാകുളം :** സഹോ. **CLIFF HEREFORD (59)** ജനുവരി 29 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 30 ന് എറണാകുളം നോർത്ത് ബ്രദറൺ അസ്സംബ്ലിഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.

▶▶ 4-ാം പേജ് തുടർച്ച

# ബലഹീനരെ ശക്തരാക്കുന്ന ദൈവകൃപ

സകല ആത്മീകാനുഗ്രഹത്താലും നമ്മെ നിറയ്ക്കും. വാഗ്ദത്തത്തിന്റെ നിക്ഷേപത്തിൽ നിന്നും അല്പമായിട്ടല്ല തരുന്നത്; പിന്നെയോ സ്വർഗ്ഗീയ ഭണ്ഡാരത്തിൽ നിന്നു അനുഗ്രഹങ്ങൾ ധാരാളമായി തരും. സഭയെ ഉണർത്തുന്നതിനും, സജീവമാക്കുന്നതിനും വേണ്ടി സ്വർഗ്ഗത്തിൽ നിന്നുള്ള ഏറ്റവും വലിയ ദാനമായി പരിശുദ്ധാത്മാവാം ദൈവത്തെ നമുക്കു തന്നിരിക്കുന്നു. സ്വർഗ്ഗത്തിന്റെ അവകാശികളല്ലാത്തവർ അനേകരാണ്. അവരും സ്വർഗ്ഗീയ അനുഗ്രഹം അനുഭവിക്കുന്നവരാകണം. അവർ സ്വർഗ്ഗത്തോട് അകന്നവരും, വിദൂരതയിൽ വസിക്കുന്നവരുമാണ്. ആരും ദൈവവചനം കേട്ട് രക്ഷയിലേയ്ക്ക് വരുന്നില്ല എങ്കിൽ നമ്മുടെ ആത്മീയ ശുശ്രൂഷകൾ ദൈവഹിതമനുസരിച്ചല്ല എന്നാണ് മനസ്സിലാകുന്നത്. അനേകർ രക്ഷിക്കപ്പെട്ടു സാർവ്വത്രിക സഭയുടെ അംഗങ്ങളായി വരുന്നവരെ കാണുമ്പോൾ കർത്താവിന്റെ വാക്കുകൾ അന്വർത്ഥമാകും. “സമാധാനം കൊണ്ട് യഹോവ തന്റെ ജനത്തെ അനുഗ്രഹിക്കും”. സഭ ശക്തമാകും. എതിർപ്പുകളെ അതിജീവിക്കും. വിശ്വാസം വളരെ ശക്തിയോടുകൂടി വെളിപ്പെടും. രക്ഷയുടെ സന്തോഷം അനുഭവിക്കുന്ന യുവാക്കളിൽ ആനന്ദത്തിന്റെ പ്രതിധ്വനി ഉണ്ടാകുക തന്നെ ചെയ്യും. വയോധികരിൽ സ്വർഗ്ഗീയ ശക്തി പ്രവഹിച്ച് യുവാക്കന്മാരും ഒരുമിച്ച് സമാധാനത്തിന്റെ വർദ്ധനവിൽ സന്തോഷിക്കുന്നവരായിരിക്കും.

ആഗ്രഹങ്ങൾ ഏറെ വിശാലമാണ്. ദൈവത്തിലുള്ള ആശ്രയമനുസരിച്ച് അനുഗ്രഹങ്ങൾ വർഷിക്കും. അനുഗ്രഹത്തിന്റെ പാനപാത്രം നിറഞ്ഞു കവിയുവോളം സ്വർഗ്ഗീയ നിറവു ലഭിച്ചുകൊണ്ടിരിക്കും. നമ്മുടെ ദൈവം നമ്മെ കലവറ കൂടാതെ അനുഗ്രഹിക്കും. നമ്മുടെ ജീവിതത്തിൽ വന്നുപോയ പരാജയങ്ങളോർത്ത് കൃപാസനത്തിനുമുമ്പിൽ ദുഃഖിതനായി നിൽക്കുമ്പോൾ “ദൈവമേ ഞങ്ങളോടു കരുണയുണ്ടാകേണമേ” എന്നു യാചിക്കുമ്പോൾ സ്വർഗ്ഗീയ അനുഗ്രഹം ലഭിക്കുക തന്നെ ചെയ്യും. സീയോനേ, ഉണർത്തെഴുന്നേൽക്കുക. അപ്പോൾ ദൈവം നിന്നെ സന്ദർശിക്കും. ഉറങ്ങുന്നവനേ, ഉണർത്തേണ്ടതിന് പരിശുദ്ധാത്മാവിന്റെ ശക്തി പ്രവർത്തിക്കുക തന്നെ ചെയ്യും.

സങ്കീർത്തനക്കാരൻ പറയുന്നത് ദൈവമേ, എല്ലാവരും നിന്നെ സ്തുതിക്കട്ടെ. അപ്പോൾ ഭൂമി ഘോഷിച്ചാനന്ദിക്കും. “ദൈവത്തെ സ്തുതിക്കുന്നതിനായി സഭയ ഉണരണം. യാതൊരു അർഹതയുമില്ലാത്തവരെ ദൈവം വീണ്ടെടുത്ത് സ്വർഗ്ഗീയ കൃപ അനുഭവിക്കുന്നവരാക്കി തീർത്തു. ദൈവത്തെ സ്തുതിക്കുന്നത് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമാണ്”. എല്ലാവരും ദൈവത്തെ സ്തുതിക്കട്ടെ. സ്തോത്രവും, സ്തുതിയും ഒന്നിച്ച് ഉയരുമ്പോൾ ദൈവം നമ്മെ അനുഗ്രഹിക്കുക തന്നെ ചെയ്യും.

സഭയുടെമേൽ ദൈവത്തിന്റെ വലിയ കരുണയും, കരുതലും ഉണ്ടാകും. കൊളംബസ് അമേരിക്ക കണ്ടുപിടിക്കുന്നതിനുമുമ്പ് ഏറിയ ദിവസങ്ങൾ യാത്ര ചെയ്തിട്ടും കര കാണാതെ വളരെ വിഷമിച്ചു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ചില പ്രത്യേകതരം പക്ഷികളെ കണ്ടു. ഒഴുകിവരുന്ന തടിക്കഷണങ്ങളും മറ്റും കണ്ടപ്പോൾ കൊളംബസിന് ധൈര്യവും, സന്തോഷവുമുണ്ടായി. താൻ ഏതോ കരയുടെ സമീപമാണ് എന്നുഗ്രഹിച്ചു. അതുപോലെ ആത്മീയ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന ഒരാളിന് നിരാശ അനുഭവപ്പെടുമ്പോൾ ചില സ്വർഗ്ഗീയ കാഴ്ചകൾ അനുഭവപ്പെടുന്നതിനും, സന്തോഷിക്കുന്നതിനും ഇടയാകുന്നു. ദീർഘദിവസങ്ങൾ പെട്ടകത്തിൽ കഴിഞ്ഞ നോഹ ഭൂമിയിൽ വെള്ളം കുറഞ്ഞുവോ എന്നറിയുന്നതിന് ഒരു പ്രാവിനെ പെട്ടകത്തിൽ നിന്നും പുറത്തേയ്ക്ക് വിട്ടു. തിരികെ വന്ന പ്രാവിന്റെ വായിൽ ഒലിവ് ഇല. നോഹ പക്ഷിയെ കൈകളിലേയ്ക്ക് സ്വീകരിച്ചു. നോഹയ്ക്കു മനസ്സിലായി ഭൂമിയിൽ വെള്ളം കുറഞ്ഞു. നോഹ വീണ്ടും ഭൂമിയിലേക്ക് പെട്ടകത്തിൽ നിന്നും ഇറങ്ങേണ്ട സമയമായി എന്നു ബോധ്യമായി.

ദൈവകൃപയിൽ പൂർണ്ണമായും ആശ്രയിക്കുമ്പോൾ ആത്മീയശുശ്രൂഷയ്ക്കു വേണ്ട ശക്തിയും, പരിജ്ഞാനവും ലഭിക്കുന്നു. ദൈവത്തിന്റെ ശക്തി കണ്ട മിസ്രയീമ്യർ പറയും ദൈവജനത്തെ എത്രമാത്രം ശത്രുക്കളിൽ നിന്നും സൂക്ഷിക്കുന്നു. കാനാനിലെ രാജാക്കന്മാർ പറയും യഹോവ രാജാക്കന്മാരുടെ ബലം തകർത്തുകളയും. അനേകം ശക്തരായവരെ ദൈവം തകർത്ത് ദേശത്തെ യിസ്രയേലിന് അവകാശമായി കൊടുത്തു. ആ ദൈവം തന്റെ ഏകജാതനെ ക്രൂശിൽ ഏല്പിച്ചു കൊടുത്തു. ഇന്ന് സ്വർഗ്ഗത്തിലെ സകല ആത്മീകനന്മകളാൽ അനുഗ്രഹിച്ചിരിക്കുന്നു. വീഴാതവണ്ണം നമ്മെ നടത്തുവാൻ പരിശുദ്ധാത്മാവാം ദൈവത്തെ നമുക്കു തന്നിരിക്കുന്നു. “ദൈവം നമ്മെ അനുഗ്രഹിക്കുക തന്നെ ചെയ്യും”.

സുവിശേഷശക്തിയെക്കുറിച്ച് യുവാക്കന്മാരെ ബോധവാന്മാരാക്കണം. തീക്ഷ്ണമായ സുവിശേഷ പോർക്കളത്തിൽ നിന്നും പിന്മാറാതെ ഭാവിയിൽ ലഭിക്കുവാൻ പോകുന്ന അനുഗ്രഹങ്ങൾ കണ്ട് സന്തോഷിക്കേണ്ടതിന് തളരാതെ മുന്നേറുക. നമ്മുടെ സിരകളിൽ ഓടുന്ന രക്തം ഊഷ്മളമാക്കുവാൻ “ദൈവം നമ്മെ ഉണർത്തും, അനുഗ്രഹിക്കും. ഒരു ധീരനായ പടയാളിയെപ്പോലെ ചലിപ്പിക്കും. അതിനു ശേഷം പറയും “ദൈവഹിതം ഇതാണ്. ദൈവം നമ്മോടു കൂടെയുണ്ട്. നമ്മെ അനുഗ്രഹിക്കും. ശത്രുവിനെ എന്തിനു ഭയപ്പെടുന്നു. എന്തിനു ക്ഷീണിക്കുന്നു. വിലയേറിയ സമയം എന്തിന് അലസതയോടെ നഷ്ടമാക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കും. അനേകം സ്വർഗ്ഗീയ അനുഗ്രങ്ങൾ ചൊരിയുന്നുണ്ട്. പക്ഷെ എന്തുകൊണ്ട് നമുക്കു ലഭിക്കുന്നില്ല. കർത്താവിനെ കണ്ടെത്താനാകുന്ന സമയം അന്വേഷിക്കുക. അനവധിയായ കൃപകൾ പ്രാപിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രാപ്തരാക്കും. അപ്പോഴും നമുക്കു പാടാം “ദൈവം, നമ്മുടെ ദൈവം നമ്മെ അനുഗ്രഹിക്കും”. ●

**വിവർത്തനം : സ്കറിയാ വർഗ്ഗീസ്, കളമശ്ശേരി.**

## ചിന്ത TVS

## “സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധം ആകുന്നു. തകർന്ന മനസ്സോ അസ്ഥികളെ ഉണക്കുന്നു” (സദൃശ്യ. 17:22)

മനുഷ്യഹൃദയം വളരെ കട്ടി കൂടിയ ഒരു സാധനം കൊണ്ടല്ല നിർമ്മിച്ചിരിക്കുന്നത്. മനുഷ്യശരീരത്തിലെ മൃദുവായ മാംസളമായ ഒരു മെറ്റീരിയൽ കൊണ്ടാ ണ് അതിന് രൂപകല്പന ചെയ്തിരിക്കുന്നത്. എങ്കിലും ഹൃദയത്തിന്റെ ജോലി വളരെ ഭാരമേറിയതാണ്. ഗ്യാലൻ കണക്കിനുള്ള രക്തമാണ് ഓരോ ദിവസവും ഇതിലൂടെ പമ്പ് ചെയ്ത് ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും എത്തിക്കുന്നത്. അതിന് ക്ഷീണം സംഭവിച്ചാൽ ആ വ്യക്തി പല രോഗങ്ങൾക്കും അധീനനായി തീരുകയും ചെയ്യുന്നു. മനുഷ്യന്റെ മാനസികവും ശാരീരികവും ആയ ആരോഗ്യസംരക്ഷണത്തിന് മിതമായ ഭക്ഷണവും സാമൂഹ്യവും കുടുംബപരവുമായ ബന്ധവും ആവശ്യമാണെന്ന് റോബർട്ട് ജാക്സൺ എന്ന വ്യക്തി പറയുന്നു. ശാസ്ത്രജ്ഞന്മാർ ഈ രഹസ്യങ്ങളെ കണ്ടെത്തുന്നതിനേക്കാൾ മുൻപ് ശലമോൻ രാജാവ് തന്റെ ജ്ഞാനത്തിന്റെ ഉള്ളറയിൽ നിന്ന് എടുത്തു പറഞ്ഞു; “സന്തുഷ്ടഹൃദയം നല്ലൊരു ഔഷധമാണെന്ന്”. ശലമോൻ രാജാവിന്റെ കണ്ടുപിടിത്തം എത്രയോ ജീവിതങ്ങളെ നിരാശയിൽ നിന്ന് മനോരോഗത്തിൽ നിന്ന് ജീവിതത്തിലേക്ക് തിരികെ കൊണ്ടു വന്നിരിക്കുന്നു.

“Discoveries for Peaceful Livi-g” എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ള ഒരു ദൃഷ്ടാന്തം ശ്രദ്ധേയമാണ്. ഒരു കമ്പിനിയുടെ ഉടമസ്ഥനായ “ആർനോൾസി” ന്റെ അനുഭവകഥയാണ് അത്. സാമ്പത്തികതകർച്ചമൂലം ആർനോ ൾഡിന്റെ കമ്പനി പൊളിഞ്ഞു പോകുമെന്ന നിലയിലേക്ക് നീങ്ങാൻ തുടങ്ങി. മുന്നോട്ട് പോകാൻ നിവർത്തിയില്ലാത്ത നിലയിലെത്തി. ആശയുടെ കിരണങ്ങൾ എല്ലാം കെട്ടടങ്ങി. അദ്ദേഹത്തിന്റെ രക്തസമ്മർദ്ദം കുതിച്ചുയരാൻ തുടങ്ങി. വിട്ടുമാറാത്ത പല രോഗങ്ങളും അദ്ദേഹത്തിന്റെ സഹചാരികളായി വീർന്നു. ഈവക കാരണങ്ങളാലും നാളയെക്കുറിച്ചുള്ള ആകുലചിന്തകളാലും ആരോഗ്യദൃഢഗാത്രനായ ആർനോൾഡ് നിത്യരോഗിയായി മാറി. ഒരു ദിവസം അദ്ദേഹം ഇങ്ങനെ ചിന്തിച്ചു, “ഈവക അസ്വസ്ഥതകൾ ഒന്നും എനിക്കില്ലായിരുന്നുവല്ലോ”, “എന്റെ ഉള്ളിൽ ഏതോ തകരാറുണ്ട്”. അങ്ങനെ ചിന്തിച്ചിരിക്കുമ്പോൾ ബൈബിളിലെ ഒരു വാക്യം തന്റെ ഓർമ്മയുടെ സ്ക്രീനിൽ തെളിഞ്ഞു വന്നു. “തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ?” (കൊലോ. 3:10). ഈ വാക്യം അവന്റെ ഹൃദയത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. “പുതിയ മനുഷ്യനെ ധരിക്കുക” ഈ ശബ്ദം തന്റെ മനസ്സിൽ ആഴമായി പതിഞ്ഞു.

പിറ്റേദിവസം താൻ ഓഫീസിലേക്ക് പോകുകയായിരുന്നു. കിഴക്കൻ ചക്രവാളത്തിൽ ഉദിച്ചുയർന്ന സൂര്യന്റെ സ്വർണ്ണം പൂശിയ കിരണങ്ങൾ തന്റെ കാറിന്റെ ഉള്ളിലേക്ക് കടന്നു. ദൈവമേ! ഇപ്രകാരം എന്റെ ഉള്ളിലേക്ക് നീ കടന്നു വന്നെങ്കിൽ എന്ന പ്രാർത്ഥന തന്റെ അന്തരാത്മാവിൽ നിന്ന് ഉയർന്നു. മറ്റൊരു ശബ്ദം “അർനോൾ” “ദേ ഞാനിവിടെ ഉണ്ടല്ലോ”, ഇതാ എന്റെ കൈകൾ തന്നെയാണ് നിന്നെ തൊടുന്നത് എന്നിങ്ങനെ ദൈവം തന്നോട് പറയുന്നതായി അദ്ദേഹത്തിന് തോന്നി. ഉടനെ തനിക്ക് എന്തെന്നില്ലാത്ത ഒരു ശക്തിയും ആവേശവും തന്നിലേക്ക് ഇരച്ചുകയറി. തന്റെ ഉള്ളിൽ നിറഞ്ഞുനിന്നിരുന്ന സംഘർഷാവസ്ഥ ഉരുകി അലിഞ്ഞുപോയി. വലിഞ്ഞുമുറുകിയ പേശികളെല്ലാം അയഞ്ഞു തിരമാലകൾ അടങ്ങിയ സമുദ്രം പോലെ ശാന്തമായി. ദൈവം തന്നെ പിടിച്ചിരിക്കുന്നുവെന്ന ചിന്ത തന്നെ വലയം ചെയ്തു. തന്റെ ജീവിതത്തേയും കമ്പനിയേയും ദൈവം അഭിവൃദ്ധിയിലേക്ക് നയിച്ചു. താൻ പുതിയ മനുഷ്യനെ ധരിച്ചവനെപ്പോലെയായി.

പ്രിയരെ! നമ്മുടെ പ്രയാസവേളകളിലും ആർനോൾഡിനെ രൂപാന്തരപ്പെടുത്തിയ ദൈവം നമ്മുടെ പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞു. പുതിയ മനുഷ്യനെ ധരിക്കുവാൻ കൃപ കാണിച്ചിരിക്കുകയാണ്. ആകയാൽ ആകുല ചിന്തയിൽ നിന്നും, നിരാശയിൽ നിന്നും ഉണർന്ന് പ്രത്യാശയോടെ കർത്താവിന്റെ വരവിന്നായി തകർന്ന മനസ്സോടെയല്ല സന്തുഷ്ടമായ ഒരു ഹൃദയത്തോടെ ഈ മരുപ്രയാണം തുടരാം. ദൈവം സമാധാനത്തിൽ നമ്മെ കാക്കുമാറാകട്ടെ. ●

**SUVISESHADHWANI**
Fortnightly
Vol. 41 Issue 37
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas,** Cheppad
Tel. +91 9495162788
Sub Editors:
**John Joseph** (South Division)
Tel. +91 9496465298
**A.D. James** (North division)
Tel. +91 9446814115
**John Mathews P.** (Malabar Division)
Tel. +91 9605962095
**K.V. Jose** (High Range Division)
Tel. +91 8606083652
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875

**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2022-24
Licence No: KL/TV(S)/WPP/251/2022-24
Licensed to Post without prepayment
Date of Publishing : 04-02-2023
If undelivered please return to:
Managing Editor
Suviseshadwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121.



Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum